# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെളിയനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി-പി.12/329/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 27/03/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെളിയനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെളിയനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെളിയനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി-പി.12/329/2022 തീയ്യതി: 27/03/2022

## ആലപ്പുഴ ജില്ലയിലെ വെളിയനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ വെളിയനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 28-02-2020 മുതൽ 31-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ്.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 09-03-2022 | 22-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-03-2022 | 22-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സി.സി.ജ്യോതിമോൻ, ഓഡിറ്റ് ഓഫീസർ
ശ്രീ. റോയി.ടി.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ശ്രീകാന്ത്. സി.എസ് സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ലക്ഷ്മീകാന്ത് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സാബു ചാക്കോ | പ്രസിഡന്റ് | 01-04-2019 | 31-10-2019 |
| ശ്രീ. എം.പി.സജീവ് | പ്രസിഡന്റ് | 01-11-2019 | 31-03-2020 |
| ശ്രീമതി.ടെസീല | സെക്രട്ടറി | 01-04-2019 | 31-05-2019 |

| | | | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ.ജി | സെക്രട്ടറി | 01-06-2019 | 05-07-2019 |
| ശ്രീമതി.അനീഷബീഗം.എ | സെക്രട്ടറി | 06-07-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. രാജിമോൾ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ.ബിജു എം.ബി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, | 01-04-2019 | 31-03-2020 |
| ശ്ീ.ജോസ് | വെറ്ററിനറി സർജ്ജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി.മോനിഷ. എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 13-12-2019 |
| ശ്രീമതി.റോസമ്മ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 14-12-2019 | 31-03-2020 |
| ശ്രീമതി.രാജി ആർ നായർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 20-02-2020 |
| ശ്രീമതി.സിനി എസ് നായർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 21-02-2020 | 31-03-2020 |
| ശ്രീ.നിഖിൽ ആർ പിള്ള | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.പ്രമിത പി. പിള്ള | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 31-03-2020 |
| ഡോ.കെ.എസ് വിഷ്ണു നമ്പൂതിരി | ചീഫ് മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2019 | 31-03-2020 |
| ഡോ.ലില്ലി | മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 01-04-2019 | 31-03-2020 |
| ശ്രീമതി.ഓമന എൻ.കെ | ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ് | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: C.C Jyothimon (Audit Officer, On 22-03-2022)<br>Last Updated By: C.C Jyothimon (Audit Officer, On 22-03-2022) | 1-1 |
| 2 | ബജറ്റ് അവലോകനം<br>Written By: C.C Jyothimon (Audit Officer, On 22-03-2022)<br>Last Updated By: C.C Jyothimon (Audit Officer, On 22-03-2022) | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക<br>Written By: T.M Roy (Senior Grade Auditor, On 22-03-2022)<br>Last Updated By: T.M Roy (Senior Grade Auditor, On 22-03-2022) | 1-2 |
| 4 | വാർഷിക കണക്ക് പരിശോധന – അപാകതകൾ .<br>Written By: T.M Roy (Senior Grade Auditor, On 22-03-2022)<br>Last Updated By: T.M Roy (Senior Grade Auditor, On 22-03-2022) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം<br>Written By: T.M Roy (Senior Grade Auditor, On 22-03-2022)<br>Last Updated By: C.C Jyothimon (Audit Officer, On 22-03-2022) | 1-3 |
| 6 | ഗ്രാന്റ് വിനിയോഗം<br>Written By: T.M Roy (Senior Grade Auditor, On 11-03-2022)<br>Last Updated By: T.M Roy (Senior Grade Auditor, On 25-03-2022) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: T.M Roy (Senior Grade Auditor, On 22-03-2022)<br>Last Updated By: T.M Roy (Senior Grade Auditor, On 22-03-2022) | 1-5 |
| 8 | തൊഴിലുറപ്പുപദ്ധതി<br>Written By: C.C Jyothimon (Audit Officer, On 22-03-2022)<br>Last Updated By: C.C Jyothimon (Audit Officer, On 22-03-2022) | 1-6 |
| 9 | ക്ഷേമപദ്ധതികൾ<br>Written By: Lakshmikanth P (Auditor, On 22-03-2022)<br>Last Updated By: Lakshmikanth P (Auditor, On 22-03-2022) | 1-7 |
| 10 | ക്യാഷ് വേരിഫിക്കേഷൻ<br>Written By: Lakshmikanth P (Auditor, On 10-03-2022)<br>Last Updated By: Lakshmikanth P (Auditor, On 22-03-2022) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം.<br>Written By: C.C Jyothimon (Audit Officer, On 22-03-2022)<br>Last Updated By: C.C Jyothimon (Audit Officer, On 22-03-2022) | 1-9 |
| 12 | വസ്തു നികുതി ഈടാക്കിയത് ക്രമപ്രകാരമല്ല<br>Written By: Lakshmikanth P (Auditor, On 21-03-2022)<br>Last Updated By: T.M Roy (Senior Grade Auditor, On 25-03-2022) | 1-10 |
| 13 | തൊഴിൽ/സ്ഥാപന തൊഴിൽ നികുതി -പൂർണ്ണമായും ഡിമാൻഡ് ചെയ്യപ്പെട്ടിട്ടില്ല<br>Written By: Lakshmikanth P (Auditor, On 21-03-2022)<br>Last Updated By: T.M Roy (Senior Grade Auditor, On 23-03-2022) | 1-11 |
| 14 | പഞ്ചായത്ത് ലൈസൻസ് ഫീസ് -മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയത്തിൽ കുറവ്<br>Written By: Lakshmikanth P (Auditor, On 21-03-2022)<br>Last Updated By: C.C Jyothimon (Audit Officer, On 22-03-2022) | 1-12 |
| 15 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടുന്നില്ല.<br>Written By: Sreekanth C.S (Asst. Audit Officer, On 23-03-2022)<br>Last Updated By: T.M Roy (Senior Grade Auditor, On 25-03-2022) | 1-13 |
| 16 | കരാർ കാലയളവിനു ശേഷവും ശമ്പളം നൽകി<br>Written By: Sreekanth C.S (Asst. Audit Officer, On 22-03-2022)<br>Last Updated By: C.C Jyothimon (Audit Officer, On 22-03-2022) | 1-14 |

| | | |
|---|---|---|
| 17 | സ്ട്രീറ്റ് വാട്ടർ ചാർജ്ജ്-ഭീമമായ കുടിശ്ശിക<br>Written By: Sreekanth C.S (Asst. Audit Officer, On 22-03-2022)<br>Last Updated By: C.C Jyothimon (Audit Officer, On 22-03-2022) | 1-15 |
| 18 | പരസ്യചാർജ്ജിന്മേൽ ഡിസ്കൗണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചില്ല.<br>Written By: T.M Roy (Senior Grade Auditor, On 22-03-2022)<br>Last Updated By: T.M Roy (Senior Grade Auditor, On 23-03-2022) | 1-16 |
| 19 | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: T.M Roy (Senior Grade Auditor, On 22-03-2022)<br>Last Updated By: T.M Roy (Senior Grade Auditor, On 23-03-2022) | 1-17 |
| 20 | വനിതകൾക്ക് യോഗ പരിശീലനം -- രേഖകൾ ഹാജരാക്കിയില്ല, ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: T.M Roy (Senior Grade Auditor, On 22-03-2022)<br>Last Updated By: T.M Roy (Senior Grade Auditor, On 23-03-2022) | 1-18 |
| 21 | പ്രസവാനന്തര ശുശ്രൂഷയ്ക്ക് മരുന്ന് വാങ്ങി നൽകൽ - മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത പ്രോജക്ട് സർക്കാർ അനുമതിയില്ലാതെ നടപ്പാക്കി.<br>Written By: T.M Roy (Senior Grade Auditor, On 22-03-2022)<br>Last Updated By: T.M Roy (Senior Grade Auditor, On 23-03-2022) | 1-19 |
| 22 | നിശ്ചിത സമയപരിധിക്കുള്ളിൽ കരാർ വെക്കാതിരുന്നതിന് നിയമാനുസൃത ഫൈൻ ഈടാക്കിയില്ല.<br>Written By: C.C Jyothimon (Audit Officer, On 22-03-2022)<br>Last Updated By: C.C Jyothimon (Audit Officer, On 22-03-2022) | 1-20 |
| 23 | നിയമാനുസൃത നിരക്കിൽ ഇ.എം.ഡി ഈടാക്കിയില്ല<br>Written By: C.C Jyothimon (Audit Officer, On 22-03-2022)<br>Last Updated By: C.C Jyothimon (Audit Officer, On 22-03-2022) | 1-21 |
| 24 | കാലിവീപ്പയുടെ വിലയും 18% നിരക്കിൽ ജി.എസ്.ടിയും ഈടാക്കിയിട്ടില്ല<br>Written By: C.C Jyothimon (Audit Officer, On 22-03-2022)<br>Last Updated By: C.C Jyothimon (Audit Officer, On 22-03-2022) | 1-22 |
| 25 | ദേശീയ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് - അപാകതകൾ<br>Written By: C.C Jyothimon (Audit Officer, On 22-03-2022)<br>Last Updated By: T.M Roy (Senior Grade Auditor, On 23-03-2022) | 1-23 |
| 26 | ക്ഷേമ പെൻഷനുകളുടെ വിതരണം-സംബന്ധിച്ച്<br>Written By: Lakshmikanth P (Auditor, On 25-03-2022)<br>Last Updated By: C.C Jyothimon (Audit Officer, On 25-03-2022) | 1-24 |
| 27 | നെൽവിത്ത് വിതരണം-കൃഷിഭൂമിക്ക് ആനുപാതികമല്ല.<br>Written By: Sreekanth C.S (Asst. Audit Officer, On 25-03-2022)<br>Last Updated By: C.C Jyothimon (Audit Officer, On 25-03-2022) | 1-25 |
| | **ഭാഗം 2** | |
| 1 | പഞ്ചായത്ത് ലൈസൻസ് ഫീസ് -മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയതിൽ കുറവ്<br>Written By: C.C Jyothimon (Audit Officer, On 22-03-2022)<br>Last Updated By: Lakshmikanth P (Auditor, On 22-03-2022) | 2-1 |
| | **ഭാഗം 3** | |
| 1 | ക്ഷേമ പെൻഷനുകളുടെ വിതരണം-സംബന്ധിച്ച്<br>Written By: C.C Jyothimon (Audit Officer, On 22-03-2022)<br>Last Updated By: Lakshmikanth P (Auditor, On 22-03-2022) | 3-1 |
| 2 | പരസ്യചാർജ്ജിന്മേൽ ഡിസ്കൗണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചില്ല.<br>Written By: C.C Jyothimon (Audit Officer, On 22-03-2022)<br>Last Updated By: C.C Jyothimon (Audit Officer, On 22-03-2022) | 3-2 |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |

| | | |
|---|---|---|
| | Written By: C.C Jyothimon (Audit Officer, On 22-03-2022)<br>Last Updated By: C.C Jyothimon (Audit Officer, On 22-03-2022) | |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: C.C Jyothimon (Audit Officer, On 22-03-2022)<br>Last Updated By: C.C Jyothimon (Audit Officer, On 22-03-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: C.C Jyothimon (Audit Officer, On 22-03-2022)<br>Last Updated By: C.C Jyothimon (Audit Officer, On 22-03-2022) | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: C.C Jyothimon (Audit Officer, On 22-03-2022)<br>Last Updated By: C.C Jyothimon (Audit Officer, On 22-03-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: C.C Jyothimon (Audit Officer, On 22-03-2022)<br>Last Updated By: C.C Jyothimon (Audit Officer, On 22-03-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: C.C Jyothimon (Audit Officer, On 22-03-2022)<br>Last Updated By: C.C Jyothimon (Audit Officer, On 22-03-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: C.C Jyothimon (Audit Officer, On 22-03-2022)<br>Last Updated By: C.C Jyothimon (Audit Officer, On 22-03-2022) | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: C.C Jyothimon (Audit Officer, On 22-03-2022)<br>Last Updated By: C.C Jyothimon (Audit Officer, On 22-03-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: C.C Jyothimon (Audit Officer, On 22-03-2022)<br>Last Updated By: C.C Jyothimon (Audit Officer, On 22-03-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: T.M Roy (Senior Grade Auditor, On 11-03-2022)<br>Last Updated By: T.M Roy (Senior Grade Auditor, On 11-03-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 16.2.2019 തീയതിയിലെ 2/1 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 15,96,38000/- | 15,95,02,000/- |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെണ്ടീച്ചർ പത്രിക) | 5,26,82,746 | 5,99,74,700 |

### 1-1-1 ബജറ്റ് അവലോകനം

2019-20വർഷത്തെ ബജറ്റ് 16.02.2019 ൽ പാസാക്കിയിട്ടുണ്ട്. ബജറ്റ് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ബജറ്റ് തയ്യാറാക്കിയിട്ടുള്ളത് ബജറ്റ് മാന്വലിൽ നിർദ്ദേശിച്ചിട്ടുള്ള മാതൃകയിലല്ല. ചെലവ് ഹെഡ്ഡുകൾ രേഖപ്പെടുത്താതെ മാനുവലായാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. മാന്വലിലെ നിർദ്ദേശാനുസരണം ബജറ്റ് ഷെഡ്യൂളുകൾ തയ്യാറാക്കി നിശ്ചിത ചെലവ് ഹെഡ്ഡുകളുടെ അടിസ്ഥാനത്തിൽ സോഫ്റ്റ് വെയറിന്റെ സഹായത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2.തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 02.12.2016 ലെ ജി.ഒ.(ആർ.ടി.)3291/2016 നമ്പരായി പ്രസിദ്ധീകരിച്ച ബജറ്റ് മാന്വലിലെ ഖണ്ഡിക 3.1.4, 3.1.5 എന്നിവ പ്രകാരം തയ്യാറാക്കേണ്ട പെർഫോമൻസ് ബജറ്റ്, ജെന്റർ ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല.

3. ബജറ്റിന്റെ അവലോകനം നടത്തുന്നില്ല .

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.4 പ്രകാരം പ്രതിമാസ ധനകാര്യ പുരോഗതി പത്രിക, പ്ലാൻ ഡോക്യുമെന്റ് എന്നിവയും ബഡ്ജറ്റുമായി ഓരോ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബഡ്ജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയതായി രേഖപ്പെടുത്തലില്ല. കൂടാതെ, വർഷാവസാനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബജറ്റിന്റെ വാർഷിക അവലോകനവും (ഖണ്ഡിക 4.5) നടത്തിയതായി രേഖപ്പെടുത്തലില്ല.

4.ബജറ്റിന്റെ പരിശോധന

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.6 പ്രകാരം ഒരു സാമ്പത്തിക വർഷത്തെ ബജറ്റ് ആ സാമ്പത്തിക വർഷം ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തേണ്ടതാണ്. 2019-20 ലെ ബജറ്റ് 2019ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (4/11.3.22) മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിത അപാകതകൾ ആവർത്തിക്കാതിരിക്കുവാനും ബജറ്റ് മാനുവലിൽ നിർദ്ദേശിച്ചിട്ടുള്ള മാതൃകയിൽ ബജറ്റ് തയ്യാറാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക സമയബന്ധിതമായി 02.06.2020 ന് ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്.

### 1-2-1 വാർഷിക കണക്ക് പരിശോധന – അപാകതകൾ .

വെളിയനാട് ഗ്രാമ പഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ താഴെ ചേർക്കുന്നു.

1) പദ്ധതി വിഹിതമായി ലഭിച്ച തുകയിൽ നീക്കിയിരുപ്പ് ഉള്ളതായി ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4ൽ രേഖപ്പെടുത്തി കാണുന്നു. വിശദ വിവരം താഴെകൊടുക്കുന്നു.

വികസന ഫണ്ട് ജനറൽ -- 785634/-

വികസന ഫണ്ട് എസ്.സി.പി -- 663340/-

ധനകാര്യ കമ്മീഷൻ ഗ്രാന്റ് -- 1323454/-

KLGSDPപെർഫോമൻസ് ഗ്രാന്റ് -- 1067245/-

മെയിന്റനൻസ് ഗ്രാന്റ് റോഡ് -- 838864/-

മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് -- 737228/-

2017-18 വർഷം മുതലുള്ള വാർഷിക കണക്കിൽ മേൽ അപാകത ആവർത്തിക്കുന്നു.

2) എസ്.ബി.ഐ രാമങ്കരിയിലെ ഇ-പേയ്മെന്റ് അക്കൗണ്ടിലെ 31.3.2020ലെ നീക്കിയിരുപ്പ് 76486/- രൂപയാണ്. എന്നാൽ ടി അക്കൗണ്ടിന്റെ ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ പാസ്സ് ബുക്ക് പ്രകാരമുള്ള നീക്കിയിരുപ്പായി ചേർത്തിരിക്കുന്നത് 85911/- രൂപയാണ്. ഫെഡറൽ ബാങ്കിലെ ടോട്ടൽ സാനിട്ടേഷൻ അക്കൗണ്ടിലെ 31.3.2020ലെ

നീക്കിയിരുപ്പ് 1898874/- രൂപയാണ്. എന്നാൽ ടി അക്കൗണ്ടിന്റെ ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ പാസ്സ് ബുക്ക് പ്രകാരമുള്ള നീക്കിയിരുപ്പായി ചേർത്തിരിക്കുന്നത് 1879093/- രൂപയാണ്.

3) ഫെഡറൽ ബാങ്ക് (ആർ.ഒ പ്ലാന്റ്), എസ്.ബി.റ്റി രാമൻകരി (പ്ലാൻ ഫണ്ട്) എന്നീ ബാങ്ക് അക്കൗണ്ടുകളുടെ 31.3.2020ലെ നീക്കിയിരുപ്പ് പരിശോധിക്കുന്നതിനായി ബാങ്ക് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല. വാർഷിക കണക്ക് പ്രകാരം ആർ.ഒ പ്ലാന്റ് അക്കൗണ്ടിൽ 536991/- രൂപയും പ്ലാൻ ഫണ്ട് അക്കൗണ്ടിൽ 97250/- രൂപയും നീക്കിയിരുപ്പുണ്ട്.

4) കാനറാ ബാങ്കിലെ എസ്.ബി.എം പെർഫോമൻസ് ഗ്രാന്റ് അക്കൗണ്ടിന്റെ ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

5) മുൻ വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ 1548057/- രൂപ മുന്നിരിപ്പുണ്ട്. തൻവർഷം ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 970000/- രൂപ ലഭിച്ചതായും 663642/- രൂപ ചെലവഴിച്ചതായും വാർഷിക കണക്കിൽ രേഖപ്പെടുത്തി കാണുന്നു. ഇതുപ്രകാരം തൻവർഷത്തെ നീക്കിയിരുപ്പ് 1854415/- രൂപയാണ് വരേണ്ടത്. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4ൽ 1212420/- രൂപ നീക്കിയിരുപ്പുള്ളതായി കാണുന്നു.

6) മുൻ വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം ഹഡ്കോ വായ്പയിനത്തിലെ മുന്നിരിപ്പ് 7044110 രൂപയാണ്. വാർഷിക കണക്ക് പ്രകാരം തൻവർഷം 28,36,864 രൂപ ചെലവഴിച്ചതായും 743724 രൂപ തിരിച്ചടച്ചതായും രേഖപ്പെടുത്തി കാണുന്നു. ഇതുപ്രകാരം തൻവർഷത്തെ ബാധ്യത 9137250 രൂപയാണ് വരേണ്ടത്. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-ൽ 9136276 രൂപ ബാധ്യതയായി കാണിച്ചിരിക്കുന്നു. കൂടാതെ വാർഷിക കണക്ക് പ്രകാരം തൻവർഷം 28,36,864 രൂപയാണ് ചെലവെങ്കിലും സുലേഖ ചെലവ് പത്രിക പ്രകാരമുള്ള യഥാർത്ഥ ചെലവ് 39,60,000 രൂപയാണ്.

7) തൻവർഷം വിവിധ പ്രോജക്ടുകൾ പ്രകാരം പൈപ്പ് ലൈൻ നീട്ടൽ പ്രവൃത്തിയ്ക്കായി 362000/- രൂപ വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്ത ടി തുക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18ൽ ഉൾപ്പെടുത്തിയിട്ടില്ല.

8) തൊഴിലുറപ്പ് സെല്ലിലെ ജീവനക്കാരുടെ വേതനം നൽകുന്നതിനായി (Advance To Others) 795912/- രൂപ നൽകിയതായും 821857/- രൂപ റീക്കുപ്പ് ചെയ്തതായും രേഖപ്പെടുത്തിയിട്ടുണ്ട്. അതുപോലെ വിവിധ പ്രവൃത്തികൾക്കായി (Advance To Other Implementing Officers) നിർവ്വഹണ ഉദ്യോഗസ്ഥർക്ക് 333739/- രൂപ നൽകിയതായും മുൻബാക്കി ഉൾപ്പെടെ 488116/- രൂപ റീക്കുപ്പ് ചെയ്തതായും വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അഡ്വാൻസ് രജിസ്റ്ററിൽ ടി തുകകളുടെ വിവരം രേഖപ്പെടുത്തിയിട്ടില്ല.

9) കോൺട്രാക്ടേഴ്സ് റീടെൻഷൻ ഇനത്തിൽ 40994 രൂപ ലഭിച്ചതായും 9688രൂപ തിരികെ നൽകിയതായും വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതുപ്രകാരം ഇതുപ്രകാരം ബാലൻസ് ഷീറ്റിൽ ഉൾപ്പെടേണ്ട ബാധ്യത 31306 രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റിൽ ചേർത്തിരിക്കുന്നത് 35173 രൂപയാണ്. ഡെപ്പോസിറ്റ് രജിസ്റ്ററിൽ നിരതദ്രവ്യം, സെക്യൂരിറ്റി നിക്ഷേപം, റീടെൻഷൻ മുതലായ ഇനങ്ങളുടെ വാർഷിക ഡി.സി.ബി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

10) വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റിൽ Book Adjustments എന്ന ശീർഷകത്തിൽ റെസിഡ്യൻഷ്യൽ, നോൺ റെസിഡ്യൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതിയിനത്തിൽ തൻവർഷത്തെ വരവായി ഉൾപ്പെടുത്തിയ തുക ഏതൊക്കെ കെട്ടിടങ്ങളുടെ വസ്തു നികുതിയാണെന്നത് സംബന്ധിച്ച വിശദവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

11) ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം തൻവർഷത്തെ ട്രേഡേഴ്സ് തൊഴിൽ നികുതി ഡിമാന്റ് 53,650 രൂപയാണ്. എന്നാൽ അഡ്വാൻസ് കളക്ഷൻ ഉൾപ്പെടെ തൻവർഷ വരവ് 58450 രൂപയാണ്.

12) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച പരിശോധന സാധ്യമായില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 76,35,376/- |
| വരവ് | 3,24,33,528/- |
| ആകെ | 4,00,68,904/- |
| ചെലവ് | 3,36,44,153/- |
| നീക്കിയിരിപ്പ് | 64,24,751/- |
| വരവിനങ്ങളിലെ നഷ്ടം | 3980 |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 54668 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 520857 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (എ.സി. ആർ പ്രകാരം) | ആകെ | ഉറവിടത്തിൽ കുറവ് ചെയ്തത് | ചെലവ് (എ.സി.ആർ പ്രകാരം) | നീക്കി ബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 12750630 | 12750630 | 1571370 | 5653892 | 5525368 (ലാപ്സ്ഡ്) |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 3467000 | 3467000 | 0 | 1746612 | 1720388 (ലാപ്സ്ഡ്) |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 99000 | 99000 | 0 | 0 | 99000 (ലാപ്സ്ഡ്) |
| സംരക്ഷണ ഗ്രാൻറ് (റോഡ്) | 0 | 2305000 | 2305000 | 0 | 1127709 | 1177291 (ലാപ്സ്ഡ്) |
| സംരക്ഷണ ഗ്രാൻറ് (റോഡിതരം) | 0 | 3251000 | 3251000 | 0 | 1707054 | 1543946 (ലാപ്സ്ഡ്) |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 6375572 | 6375572 | 0 | 3236740 | 3138832 (ലാപ്സ്ഡ്) |

## 1-5 പദ്ധതി അവലോകനം

| വർഷം | അംഗീകാരംലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|---|
| 2019-20 | 162 | 58894066 | 81 | 24610894 | 00 | 81 | 50 |

## 1-6 തൊഴിലുറപ്പുപദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 923 | 1102715 | 1103638 | 796482 | 307156 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 00 | 17598000 | 17598000 | 17598000 | 00 |
| ആകെ | 923 | 18700715 | 18701638 | 18394482 | 307156 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 50280 | 26 |
| കർഷക തൊഴിലാളി പെൻഷൻ | 3598200 | 1116 |
| വിധവാ പെൻഷൻ | 1128600 | 374 |
| വാർദ്ധക്യകാല പെൻഷൻ | 2152200 | 766 |
| വികലാംഗ പെൻഷൻ | 586100 | 178 |

| | | |
|---|---|---|
| അവിവാഹിതരായ 50 വയസ്സിനു മുകളിൽപ്രായമായ വനിതകൾക്കുള്ള ധനസഹായം | 64800 | 25 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 00 | 00 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.03.2022 തീയതിയിൽ 03:15 P.M ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3347/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു

## 1-9 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1.തപാലുകളുടെ തീർപ്പാക്കൽ വിവരങ്ങൾ നിരീക്ഷിക്കുന്നതിനായി അതാത് സെക്ഷനുകൾ സൂക്ഷിക്കേണ്ട പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. പ്രസ്തുത രജിസ്റ്റർ സൂചികയിൽ നിന്നും ലഭിക്കുമെങ്കിലും നാളിതുവരെ പ്രിന്റൗട്ട് എടുത്ത് ഉത്തരവാദപ്പെട്ടവർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

2.ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്ന തിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3.കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

4. മുൻകൂർ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. തന്മൂലം നാളിതുവരെ മുൻകൂർ നൽകിയിട്ടുള്ള മുൻകൂറുകൾ യഥാസമയം ക്രമീകരിക്കപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കുവാൻ സാധിക്കുന്നില്ല.

5. വിവിധ വരവിനങ്ങളുടെ വർഷാന്ത്യ സംക്ഷിപ്തവും (ഡി.സി.ബി) തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

6. ഡെപ്പോസിറ്റ് രജിസ്റ്റർ വർഷാന്ത്യ സംക്ഷിപ്തമെഴുതി സൂക്ഷിക്കുന്നില്ല.

7. പെൻഷണേഴ്സിന്റെ മരണവിവരങ്ങൾ യഥാസമയം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുപോലും പെൻഷൻ സസ്പെന്റുചെയ്യുന്നതിൽ കാലതാമസം ഉണ്ടാകുന്നു.

8.ബജറ്റ് മാനുവലിൽ പ്രതിപാതിച്ചിട്ടുള്ള വിധം ബജറ്റ് ഓൺലൈനായി തയ്യാറാക്കാതെ മാനുവലായി തയ്യാറാക്കുന്നു.

9.കൃത്യമായ മേഖല വിഭജനത്തിലൂടെ നികുതി നിർണ്ണയം നടത്തുന്നതിന് ഊർജ്ജിതമായ ശ്രമങ്ങളുണ്ടാകുന്നില്ല.

10.വെള്ളക്കരമിനത്തിൽ ഭീമമായ തുക കുടിശികയായി അവശേഷിക്കുന്നുണ്ടെങ്കിലും ഈയിനത്തിൽ ഉറവിടത്തിൽ കുറവ് ചെയ്യപ്പെടുന്ന തുക യഥാസമയം കുടിശികയിനത്തിൽ വരവ് വെക്കുന്നതായോ ഡിമാന്റിൽ കുറവ് വരുത്തുന്നതായോ ഉറപ്പാക്കപ്പെടുന്നില്ല.

## 1-10 വസ്തു നികുതി ഈടാക്കിയത് ക്രമപ്രകാരമല്ല

2011 ലെ കേരളാ പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർച്ചർജ്ജും) ചട്ടങ്ങളിലെ ചട്ടം 4 (1) പ്രകാരം, പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളെ വ്യത്യസ്ഥ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി മേഖലാ വിഭജനം നടത്തി പുറപ്പെടുവിച്ച 14-10-2011 ലെ പഞ്ചായത്ത് വിജ്ഞാപന പ്രകാരം, പഞ്ചായത്തിലെ 13 വാർഡുകളിൽ 9-ാം വാർഡ് പ്രഥമ മേഖലയായും, 6,7,10,11,12 എന്നീ വാർഡുകൾ ദ്വിതീയ മേഖലയായും, 1,2,3,4,5,8,13 എന്നീ വാർഡുകൾ ത്രിതീയ മേഖലയായും തിരിച്ചിരുന്നു. പഞ്ചായത്തിന്റെ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള തൻവർഷത്തെ വസ്തു നികുതി അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ ചേർത്തിരിക്കുന്ന പട്ടിക I ലെ ത്രിതീയ മേഖലയിൽ ഉൾപ്പെട്ട കെട്ടിടങ്ങളെ പ്രഥമ,ദ്വിതീയ മേഖലയിലെ കെട്ടിടങ്ങളായും, താഴെ ചേർത്തിരിക്കുന്ന പട്ടിക II ലെ ദ്വിതീയ മേഖലയിലെ കെട്ടിടങ്ങളെ പ്രഥമ മേഖലയിലെ കെട്ടിടങ്ങളായും പരിഗണിച്ചു കൊണ്ടാണ് വസ്തു നികുതി ഈടാക്കിയിരിക്കുന്നത്. 2011 ലെ കേരളാ പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർച്ചർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 ലെ പട്ടിക 1 പ്രകാരം ത്രിതീയ മേഖലയിലെ കെട്ടിടങ്ങൾക്ക് 20 ശതമാനവും ദ്വിതീയ മേഖലയിലെ കെട്ടിടങ്ങൾക്ക് 10 ശതമാനവും നികുതി ഇളവ് ബാധകമാണ്.

പട്ടിക I

| വാർഡ് നം | കെട്ടിട നമ്പർ | കെട്ടിടം ഉൾപ്പെടുന്ന മേഖല / ഇളവ് | നികുതി നിർണ്ണയത്തിനായി കെട്ടിടം ഉൾപ്പെടുത്തിയ മേഖല / ഇളവ് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 12A,15A,19A,24A, 32A,44A | ത്രിതീയം (ഇളവ്20%) | പ്രഥമം (ഇളവില്ല) |
| 2 | 217A,271A,237A, 225A,183A,183 B | ത്രിതീയം (ഇളവ്20%) | പ്രഥമം (ഇളവില്ല) |
| 3 | 122 B,91 A,81 A,34A, 40A,125A,137 B | ത്രിതീയം (ഇളവ്20%) | പ്രഥമം (ഇളവില്ല) |
| 3 | 137 A | ത്രിതീയം (ഇളവ്20%) | ദ്വിതീയം (ഇളവ്10%) |
| 4 | 140A,76A,267A,28A | ത്രിതീയം (ഇളവ്20%) | പ്രഥമം (ഇളവില്ല) |
| 4 | 68 | ത്രിതീയം (ഇളവ്20%) | ദ്വിതീയം (ഇളവ് 10%) |
| 5 | 89A | ത്രിതീയം (ഇളവ്20%) | ദ്വിതീയം (ഇളവ്10%) |
| 5 | 73A,42A,204A | ത്രിതീയം (ഇളവ്20%) | പ്രഥമം (ഇളവില്ല) |
| 8 | 78A | ത്രിതീയം (ഇളവ്20%) | ദ്വിതീയം (ഇളവ്10%) |
| 8 | 13A,318A,274A,36A | ത്രിതീയം (ഇളവ്20%) | പ്രഥമം (ഇളവില്ല) |
| 13 | 99A | ത്രിതീയം (ഇളവ്20%) | ദ്വിതീയം (ഇളവ്10%) |
| 13 | 41A,131A,27B, 36A,114A,129A | ത്രിതീയം (ഇളവ്20%) | പ്രഥമം (ഇളവില്ല) |

പട്ടിക II

| വാർഡ് നം | കെട്ടിട നമ്പർ | കെട്ടിടം ഉൾപ്പെടുന്ന മേഖല | നികുതി നിർണ്ണയത്തി നായി കെട്ടിടം ഉൾപ്പെട്ട ത്തിയ മേഖല |
|---|---|---|---|
| 6 | 29A,120A,257A, 172A,27 B | ദ്വിതീയം (ഇളവ് 10% | പ്രഥമം (ഇളവില്ല) |
| 7 | 276 A,167A,50A | ദ്വിതീയം (ഇളവ് 10%) | പ്രഥമം (ഇളവില്ല) |
| 10 | 285A,102A, 87A,139A | ദ്വിതീയം (ഇളവ് 10%) | പ്രഥമം (ഇളവില്ല) |
| 11 | 57A,149A,60A 127A,132A,241A | ദ്വിതീയം (ഇളവ് 10%) | പ്രഥമം (ഇളവില്ല) |
| 12 | 232A,195A,293 293A,150A | ദ്വിതീയം (ഇളവ് 10%) | പ്രഥമം (ഇളവില്ല) |

മേഖലാ വിഭജനം നടത്തി 14-10-2011 ൽ പഞ്ചായത്ത് പുറപ്പെടുവിച്ച വിജ്ഞാപനത്തിന് ശേഷം വീണ്ടും ഒരു മേഖലാ വിജ്ഞാപനം നടത്താത്തതിനാൽ 2011 ലെ വസ്തു നികുതി ചട്ടങ്ങളിലെ ചട്ടം 7 ഉപചട്ടം 5 പ്രകാരം, പഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയത്തിന് 2011 ലെ പഞ്ചായത്ത് പുറപ്പെടുവിച്ച വിജ്ഞാപനമാണ് ബാധകമായിരിക്കുക. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം: 12 തീയതി 15-03-22) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത്തരത്തിൽ കെട്ടിടങ്ങളുടെ വസ്തു നികുതി ക്രമപ്രകാരമല്ലാതെ ഈടാക്കുന്നത് മൂലം കെട്ടിട ഉടമകൾക്ക് 2011 ലെ വസ്തു നികുതി ചട്ടങ്ങളിലെ ചട്ടം 6 പട്ടിക 1 പ്രകാരം ലഭിക്കേണ്ട അടിസ്ഥാന വസ്തു നികുതിയിന്മേലുള്ള ഇളവ് ലഭിക്കുന്നില്ല. ഇങ്ങനെ കെട്ടിട ഉടമകളിൽ നിന്നും 2019-20 കാലയളവിൽ അധികമായി ഈടാക്കിയ തുക, 27-04-2015 ലെ സ.ഉ (എം.എസ്) നം.144/2015/ തസ്വഭവ പ്രകാരം കെട്ടിട ഉടമകളിൽ നിന്നുള്ള ഭാവി വരവിലേക്ക് ക്രമീകരിക്കാവുന്നതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-11 തൊഴിൽ/സ്ഥാപന തൊഴിൽ നികുതി -പൂർണ്ണമായും ഡിമാൻഡ് ചെയ്തീടാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204, 205 വകുപ്പുകൾ, അവയുടെ കീഴിൽ ഉണ്ടാക്കിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ പ്രവർത്തിക്കുന്ന ഒരു ബിസിനസ്സ് സ്ഥാപനത്തിൽ നിന്ന് വിറ്റുവരവിന്റെ അടിസ്ഥാനത്തിലും, പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്ന വ്യക്തിയിൽ നിന്ന് ആദായത്തിന്റെ അടിസ്ഥാനത്തിലും ചട്ടങ്ങൾ നിർദ്ദേശിക്കും പ്രകാരം ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കേണ്ടതാണ്. പഞ്ചായത്തിലെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും പത്രികകളും പരിശോധിച്ചതിൽ

താഴെ ചേർക്കുന്ന വ്യക്തികൾ / സ്ഥാപനങ്ങൾ ഇവരിൽ നിന്നും തൊഴിൽ നികുതി / സ്ഥാപന തൊഴിൽ നികുതി എന്നിവ ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല.

എ ) തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയില്ല

1) 2019-20കാലയളവിൽ ഗ്രാമപഞ്ചായത്തിന്റെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നല്കുന്ന ലൈസൻസിനായി അപേക്ഷ സമർപ്പിച്ച താഴെ ചേർക്കുന്ന സ്ഥാപന ഉടമകൾ സമർപ്പിച്ച അപേക്ഷകളിൽ രേഖപ്പെടുത്തിയിട്ടുള്ള ജീവനക്കാരിൽ നിന്നും രണ്ട് അർദ്ധ വർഷങ്ങളിലും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ/ ഉടമയുടെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | അമ്പാടി വുഡ് ഫർണീച്ചേഴ്സ് | 2 |
| 2 | യൂറോ എഞ്ചിനിയേഴ്സ് | 3 |
| 3 | മൈത്രി ഫൌണ്ടറി ആൻഡ് എഞ്ചിനിയറിങ് വർക്ക്സ് | 2 |
| 4 | കുട്ടനാട് കൊയർ ആൻഡ് റബർ പ്രോഡക്ട്സ് | 9 |
| 5 | നെല്ലിക്കൽ റബർ | 6 |
| 6 | റിലയൻസ് റീട്ടേൽസ് ലിമിറ്റഡ് | 3 |

2) ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ഉടമകൾ / ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കിയില്ല.

| ക്രമ നം: | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1, | മുളമൂട്ടിൽ ഫിനാൻസിയേഴ്സ് | രണ്ട് അർദ്ധ വർഷങ്ങളിലും |
| 2, | വെളിയനാട് ക്ഷീര സഹകരണ സംഘം | രണ്ട് അർദ്ധ വർഷങ്ങളിലും |
| 3 | കിടങ്ങറ ക്ഷീര സഹകരണ സംഘം | രണ്ട് അർദ്ധ വർഷങ്ങളിലും |
| 4 | പഞ്ചായത്ത് പരിധിയിലെ റേഷൻ വ്യാപാരികൾ | രണ്ട് അർദ്ധ വർഷങ്ങളിലും |
| 5 | പഞ്ചായത്ത് പരിധിയിലെ കള്ള് ഷാപ്പ് ഉടമകൾ, ജീവനക്കാർ | രണ്ട് അർദ്ധ വർഷങ്ങളിലും |

3) 2019-20 ഇൽ താഴെ ചേർക്കുന്ന സ്വകാര്യ ആശുപത്രി /പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ ഉടമകളിൽ നിന്നും രണ്ട് അർദ്ധ വർഷങ്ങളിലും തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കിയില്ല.

| ക്രമ നം: | ഉടമയുടെ പേര് / സ്ഥാപനത്തിന്റെ പേര് | ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | ഡോ. പി.ആർ. ശ്രീകല / ശ്രീ ശാസ്താ ഹോമിയോപ്പതി | രണ്ട് അർദ്ധ വർഷങ്ങളിലും |
| 2 | ബിനോ ഉല്ലാസ് /ആമെൽ ക്ലിനിക്ക് | രണ്ട് അർദ്ധ വർഷങ്ങളിലും |
| 3 | അർച്ചനാ.ആർ / സൂര്യാസ് ഡെന്റൽ ക്ലിനിക്ക് | രണ്ട് അർദ്ധ വർഷങ്ങളിലും |
| 4 | സനീഷാ സലീം /ലൈഫ് കെയർ ഡെന്റൽ ക്ലിനിക്ക് | രണ്ട് അർദ്ധ വർഷങ്ങളിലും |

മേൽ അപാകതകൾക്ക് ഓഡിറ്റ് അന്വേഷണത്തിലൂടെ (നം:6 ,തീയതി 15-03-2022) വിശദീകരണം തേടിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

ബി ) സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയില്ല.

ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയില്ല.

| ക്രമ നം: | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1, | മുളമൂട്ടിൽ ഫിനാൻസിയേഴ്സ് | രണ്ട് അർദ്ധ വർഷങ്ങളിലും |
| 2, | വെളിയനാട് ക്ഷീര സഹകരണ സംഘം | രണ്ട് അർദ്ധ വർഷങ്ങളിലും |

| | | |
|---|---|---|
| 3 | കിടങ്ങറ ക്ഷീര സഹകരണ സംഘം | രണ്ട് അർദ്ധ വർഷങ്ങളിലും |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം : 7 തീയതി 15-03-2022) മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾ / ഉടമകൾ / ജീവനക്കാർ ഇവരിൽ നിന്നും സ്ഥാപന തൊഴിൽ നികുതി / തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-12 പഞ്ചായത്ത് ലൈസൻസ് ഫീസ് -മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയതിൽ കുറവ്

1) ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നല്കുന്ന ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസിനായി സമർപ്പിച്ച അപേക്ഷകളിൽ രേഖപ്പെടുത്തിയ മൂലധന നിക്ഷേപത്തിന് ആനുപാതികമായി പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 7പട്ടിക II പ്രകാരം ടി സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം / ഉടമസ്ഥന്റെ പേര് | അപേക്ഷ പ്രകാരമുള്ള മൂലധന നിക്ഷേപം | ഈടാകേണ്ട ഫീസ് | ഈടാക്കിയ ഫീസ് | കുറവ് |
|---|---|---|---|---|---|
| 1 | ജോസഫ് / അനയ ജുവലറി | 20 ലക്ഷം | 1000 | 500 | 500 |
| 2 | വാസുദേവൻ നായർ | 1,20,000 | 500 | 250 | 250 |
| 3 | തോമസ് പി തോമസ് / യൂറോ എഞ്ചിനിയേഴ്സ് | 38 ലക്ഷം | 1000 | 520 | 480 |
| 4 | ഒറ്റക്കടിശേരിൽ ഏജൻസീസ് | 80,000 | 500 | 250 | 250 |
| 5 | അമൽ ചന്ദ്ര / അമൽ സ്റ്റോർസ് | 80,000 | 500 | 250 | 250 |
| 6 | ബിജു മോൻ K | രേഖപ്പെടുത്തിയിട്ടില്ല | 500 | 250 | 250 |
| 7 | സ്മിതാ ബാബു / പുളിവേലിൽ ഏജൻസീസ് | 15 ലക്ഷം | 1000 | 500 | 500 |
| 8 | ലൈജു കെ.പി / പൊന്നൂസ് കമ്മ്യൂണിക്കേഷൻ | 60,000 | 500 | 250 | 250 |
| 9 | എം.പി മോഹനൻ / മാളിയേക്കൽ ഏജൻസീസ് | 50,000 | 500 | 250 | 250 |
| | ആകെ | | | | 2980/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം:3തീയതി:11-03-22) മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് വന്ന തുക പഞ്ചായത്തിൽ അടവാക്കി ഓഡിറ്റിൽ അറിയിക്കുകയും ഇത്തരം വരുമാന നഷ്ടം ഒഴിവാക്കുന്നതിന്' നടപടികൾ സ്വീകരിക്കേണ്ടതുമാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

2) ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല

1996 ലെ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ) ചട്ടങ്ങൾ, ചട്ടം 3 പട്ടിക 1 പ്രകാരം, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ (പട്ടിക ക്രമ നം: 149), അബ്കാരി ഷാപ്പുകൾ (പട്ടിക ക്രമ നം: 139) ലൈസൻസ് എടുക്കുകയും പുതുക്കുകയും ചെയ്യേണ്ടതാണ്. പഞ്ചായത്തിന്റെ ലൈസൻസ് സംബന്ധിച്ച അപേക്ഷകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകളും, അബ്കാരി ഷാപ്പുകളും ലൈസൻസിനുള്ള അപേക്ഷ സമർപ്പിക്കുകയോ, പുതുക്കുകയോ ചെയ്തിട്ടില്ലാത്തതായി കാണുന്നു. ടി സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം: 1, തീയതി 09/03/2022) മറുപടി ലഭിച്ചില്ല. 1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) 233(എ) അനുസരിച്ച് ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടികൾ കൈക്കൊള്ളേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. ഈ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

3) മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയതിൽ കുറവ്

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നല്കുന്ന ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ, കുട്ടനാട് കൊയർ

ആൻഡ് റബ്ബർ പ്രോഡക്ട്സ് എന്ന സ്ഥാപനത്തിന്റെ ലൈസൻസ് പുതുക്കുന്നതിനായി ശ്രീ.അജയ് സക്കറിയ മാത്യു സമർപ്പിച്ച അപേക്ഷയിൽ യന്ത്രത്തിന്റെ കുതിര ശക്തി 150 HP എന്ന് രേഖപ്പെടുത്തിയിരിക്കുന്നു, പ്രസ്തുത ചട്ടത്തിലെ പട്ടിക 3 പ്രകാരം ഈടാക്കാവുന്ന മോട്ടോർ റണ്ണിംഗ് ഫീസായ 2000/- രൂപ ഈടാക്കിയിട്ടില്ല, പകരം 1000/- രൂപയാണ് ഈടാക്കിയത്. മോട്ടോർ റണ്ണിംഗ് ഫീസ് കുറവ് ഈടാക്കിയത് സംബന്ധിച്ച് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം: 1, തീയതി 09/03/2022) മറുപടി ലഭ്യമാക്കിയില്ല.

ടി സ്ഥാപനത്തിൽ നിന്നും മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയ ഇനത്തിൽ കുറവ് വന്ന തുക ഈടാക്കി ഒടുക്ക് വരുത്തി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. സ്ഥാപനങ്ങളിലെ യന്ത്രത്തിന്റെ കുതിരശക്തിക്ക് ആനുപാതികമായി പ്രസ്തുത ചട്ടത്തിലെ പട്ടിക 3 പ്രകാരം മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-13 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടുന്നില്ല.

വെളിയനാട് ആയുർവ്വേദ ആശുപത്രി മെയിന്റനൻസ് എന്ന പദ്ധതി ( നം. 141/15 ) യുടെ ഭാഗമായി രസീത് നം. 41/41044, തീയതി.28.01.2015 പ്രകാരം വാങ്ങിയ 5000/-രൂപയുടെ ഇഎംഡി തുക കരാറുകാരനായ ശ്രീ. സിജു.വി, പുത്തൻചിറയുടെ 28.02.2019-ലെ അപേക്ഷയിന്മേൽ 06.03.2019-ലെ 1 (3) നം. കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വൗച്ചർ നമ്പർ 21900028/17.04.2019 പ്രകാരം റീഫണ്ട് ചെയ്തിട്ടുണ്ട്. കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ ബി അനുസരിച്ച് മൂന്ന വർഷത്തിലേറെയായി കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനതുഫണ്ടിലേയ്ക്ക് മുതൽക്കൂട്ടണമെന്ന വ്യവസ്ഥ നിലവിലുള്ളപ്പോഴാണ് 4 വർഷത്തിലേറെയായ ഡെപ്പോസിറ്റ് തുക ഇപ്രകാരം തിരികെ നൽകിയിട്ടുള്ളത്. കൂടാതെ ഇത് സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ 2013 മുതലുള്ള വിവിധ ഇനം ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടുവാനുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഡെപ്പോസിറ്റ് ഇനം | കാലയളവ് | മുതൽക്കൂട്ടേണ്ട തുക |
|---|---|---|---|
| 1 | കോൺട്രാക്ടേഴ്സ് ഇഎംഡി | 2013-14 | 5040 |
| 2 | ,, | 2014-15 | 41445 |
| 3 | ,, | 2015-16 | 1500 |
| 4 | ബിഡ്ഡേഴ്സ് ഇഎംഡി | 2015-16 | 1500 |
| 5 | കോൺട്രാക്ടേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 2014-15 | 2500 |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വഷണത്തിന്(നം.2/10.03.2022) മറുപടി ലഭ്യമാക്കിയില്ല. ഇക്കാര്യത്തിൽ സത്വര നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 കരാർ കാലയളവിനു ശേഷവും ശമ്പളം നൽകി

വെളിയനാട് ഗ്രാമപഞ്ചായത്തിൽ കരാർ അടിസ്ഥാനത്തിൽ അക്രഡിറ്റഡ് ഓവർസിയർ ആയി ജോലി ചെയ്തിരുന്ന ശ്രീമതി. രേവതിരാജിന് 24.02.2019 വരെ മാത്രമേ കരാർ കാലാവധി ഉണ്ടായിരുന്നുള്ളൂ. എന്നാൽ ടി ഉദ്യോഗസ്ഥയ്ക്ക് ഫിബ്രുവരി മാസത്തെ ശമ്പളം പൂർണ്ണമായും നൽകിയിട്ടുണ്ട്. തുടർന്ന് കരാർ വെച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത തീയതിക്ക് ശേഷം ഫെബ്രുവരി മാസത്തിൽ നൽകിയിട്ടുള്ള ശമ്പളം തിരികെ ഈടാക്കണമെന്നും 2019 മാർച്ച് മാസത്തെ ശമ്പളം നൽകാൻ സാധിക്കില്ലെന്നും മാർച്ച് മാസത്തെ ശമ്പളത്തിനായി നൽകിയ ടിയാരിയുടെ അപേക്ഷയിൽ സെക്രട്ടറി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വൗച്ചർ നം. 21900031/30.04.2019 പ്രകാരം മാർച്ച് മാസത്തെ ശമ്പളമിനത്തിൽ 20000/- രൂപ ടിയാരിക്ക് നൽകിയിട്ടുണ്ട്. ടി ഉദ്യോഗസ്ഥ ടി തീയതിക്കു ശേഷം കരാർ പുതുക്കിയിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കുവാനും അല്ലാത്തപക്ഷം ഇക്കാരത്തിൽ വിശദീകരണം ലഭ്യമാക്കുവാനുമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20/18.03.2022) മറുപടി ലഭ്യമായിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ ഫിബ്രുവരി മാസത്തെ തുകയായ 2857/-രൂപയും മാർച്ച് മാസത്തെ തുകയായ 20000/- രൂപയും ചേർത്ത് ആകെ 22857/- രൂപ നൽകിയത് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-15 സ്ട്രീറ്റ് വാട്ടർ ചാർജ്ജ്-ഭീമമായ കുടിശ്ശിക

വെളിയനാട് ഗ്രാമപഞ്ചായത്തിൽ സ്ട്രീറ്റ് വാട്ടർ ടാപ്പുകളുടെ വെള്ളക്കരകുടിശ്ശിക ഭീമമായ തോതിൽ വർദ്ധിച്ചിരിക്കുന്നതായി കാണുന്നു. ഏപ്രിൽ 2019- ൽ 6517832 - രൂപയായിരുന്നു ആകെ ഡിമാന്റ്. പ്രതിമാസ ഡിമാന്റ് 91000/- രൂപയായിരുന്നു. ടി തുക 2019 ഏപ്രിൽ, മെയ്, ജൂലൈ, ആഗസ്റ്റ് എന്നീ മാസങ്ങളിൽ ഒടുക്കു വരുത്തിയിട്ടുണ്ട്. കൂടാതെ വെള്ളക്കരകുടിശ്ശിക ഒടുക്കുന്നതിലേയ്ക്ക് പ്രോജക്ട് നമ്പർ 91/20 പ്രകാരം 66500/-രൂപയും 128/20 പ്രകാരം 455000/- രൂപയും ഒടുക്കിയിട്ടുണ്ട്. കൂടാതെ പ്രോജക്ട് നമ്പർ 180/20 പ്രകാരം 142510/- രൂപയും 182/20 പ്രകാരം 142510/-രൂപയും ഉറവിടത്തിൽ നിന്നും ഒടുക്കുവരുത്തിയിട്ടുണ്ട്. എന്നിട്ടും 2020 മാർച്ച് മാസത്തെ ആകെ ഡിമാന്റ് 7555463/- രൂപയായി നിലനിൽക്കുന്നു. 2020 മാർച്ചിലെ തൻമാസ ഡിമാന്റ് 91000/-രൂപയും പിഴപലിശ 143635/-രൂപയുമാണെന്നത് ശ്രദ്ധേയമാണ്. 208 പൊതു ടാപ്പുകൾക്ക് ടാപ്പൊന്നിന് 5250/-രൂപ പ്രതിവർഷ നിരക്കിലാണ് പ്രതിമാസ ഡിമാന്റ് കണക്കാക്കിയിട്ടുള്ളത്. ഇതു കൂടാതെ ജൽജീവൻ മിഷൻ മുഖേന പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ള കണക്ഷൻ നൽകിയിട്ടുണ്ട്. അതിനും പുറമെ വേനൽക്കാലത്ത് പഞ്ചായത്തിലുടനീളം വാഹനങ്ങളിൽ കുടിവെള്ളമെത്തിക്കുന്നതിനും തനതുഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്. ഈ നിലയിൽ ഭീമമായ തുകയാണ് ഈ ഇനത്തിൽ ചെലവിട്ടുകൊണ്ടിരിക്കുന്നത്. ഇക്കാര്യത്തിൽ ആവശ്യമായ പരിശോധന നടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുവാനും പ്രവർത്തനക്ഷമമായ പൊതു ടാപ്പുകളുടെ എണ്ണവും ആവശ്യകതയും സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ അതു സംബന്ധിച്ച രേഖകൾ ഹാജരാക്കുവാനും കൂടാതെ ജൽജീവൻ മിഷൻ പദ്ധതിയ്ക്കായി പഞ്ചായത്ത് വിഹിതം അടച്ചിട്ടുണ്ടെങ്കിൽ ആയതു സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/18.03.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ സത്വര നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 പരസ്യചാർജ്ജിന്മേൽ ഡിസ്കൗണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചില്ല.

സെക്രട്ടറി നടപ്പാക്കിയ പദ്ധതി ആസൂത്രണ, നിർവ്വഹണ, മോണിട്ടറിംഗ് എന്ന പ്രോജക്ടിന്റെ (പ്രോജക്ട് നം. 01/20) ഭാഗമായി പഞ്ചായത്തിന്റെ വികസന പദ്ധതികൾ മലയാള മനോരമ ദിനപത്രത്തിൽ പരസ്യം ചെയ്തതിന് പരസ്യ ചാർജ്ജിനത്തിൽ പത്ര സ്ഥാപനം ഹാജരാക്കിയ താഴെപറയുന്ന ബില്ലുകൾ പ്രകാരമുള്ള 52,448 രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് നൽകിയിട്ടുണ്ട്.

| ക്രമ മം | ബിൽ നം | തുക |
|---|---|---|
| 01 | 1942466206/ 18.2.2019 | 7508 |
| 02 | 426008182/ 12.4.2019 | 7560 |
| 03 | 432024168/ 31.7.2019 | 7560 |
| 04 | 442000003/ 1.11.2019 | 7560 |
| 05 | 442005793/ 8.12.2019 | 7560 |
| 06 | 444714000/ 19.1.2020 | 7560 |
| 07 | 446015956/ 20.2.2020 | 7560 |

ജി.ഒ.(ആർ.ടി)1/2011/പി&എ.ആർ.ഡി 04-01-2011 പ്രകാരം പരസ്യങ്ങൾ പി&എ.ആർ.ഡി മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്കൗണ്ട് അനുവദിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതനുസരിച്ച് ഗ്രാമപഞ്ചായത്ത് നൽകിയ പരസ്യങ്ങൾക്ക് 7867/-രൂപ ഡിസ്കൗണ്ട് ലഭിക്കേണ്ടതായിരുന്നു. എന്നാൽ മേൽ പറയുന്ന ഇൻവോയ്സുകൾ പരിശോധിച്ചതിൽ, പരസ്യങ്ങൾക്ക് ഡിസ്കൗണ്ട് അനുവദിക്കാതെയാണ് പത്രസ്ഥാപനം പരസ്യ ചാർജ്ജ് ഡിമാന്റ് ചെയ്തത്. നിയമാനുസൃതം ലഭിക്കേണ്ടിയിരുന്ന ഡിസ്കൗണ്ട് കുറവ് ചെയ്യാതെ മുഴുവൻ തുകയും നൽകിയതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (8/15.3.22) മറുപടി ലഭ്യമാക്കിയില്ല. സ്ഥാപനത്തിൽ നിന്ന് ഡിസ്കൗണ്ട് ലഭ്യമാക്കാത്തതു മൂലം ഉണ്ടായ നഷ്ടം 7867/- രൂ. നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-17 വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെപറയുന്ന പദ്ധതികൾക്കായി 3,62,000 രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് തിരുവല്ല വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഈ തുകയുടെ വിനിയോഗസാക്ഷ്യപത്രം, പദ്ധതിയുടെ പൂർത്തീകരണവിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര് | നിക്ഷേപിച്ച തുക | ബിൽ നം |
|---|---|---|---|
| 01 | ആറ്റുചിറ പുതുവൽ കോളനിയിലേയ്ക്ക് പൈപ്പ് ലൈൻ നീട്ടൽ (പ്രോ.നം 78/20) | 162000 | 01/15.4,2019 |
| 02 | കിഴക്കേ പുളിവേലിൽ മുതൽ ചെറിയിടം വരം പൈപ്പ് ലൈൻ നീട്ടൽ (പ്രോ.നം 50/20) | 50000 | 20/18.12.2019 |

| | | | |
|---|---|---|---|
| 03 | ചിറയിൽ മുതൽ പാലിയേക്കര മോട്ടോർ തറ വരെ പൈപ്പ് ലൈൻ നീട്ടൽ (പ്രോ.നം 116/20) | 50000 | 20/12.12.2019 |
| 04 | കറുകപ്പറമ്പ് ജെട്ടി മുതൽ പുഞ്ചപിടാരം വരെ പൈപ്പ് ലൈൻ നീട്ടൽ (പ്രോ.നം 117/20) | 100000 | 26/21.12.2019 |

മേൽ പ്രോജക്ടുകൾ പ്രകാരമുള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ അവയുടെ പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/15.3.22) മറുപടി ലഭിച്ചില്ല. പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം എന്നിവയുടെ അഭാവത്തിൽ 362000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18 വനിതകൾക്ക് യോഗ പരിശീലനം -- രേഖകൾ ഹാജരാക്കിയില്ല, ചെലവ് തടസ്സപ്പെടുത്തുന്നു.

യോഗ പരിശീലനത്തിലൂടെ വനിതകളുടെ രോഗപ്രതിരോധ ശേഷി വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) 2019-20 വർഷം നടപ്പാക്കിയ യോഗ പരിശീലനം (പ്രോ.നം 13/20) എന്ന പ്രോജക്ടിനായി 36000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ, യോഗ പരിശീലകയായ ശ്രീമതി. സിന്ധു.ആർ എന്നയാൾക്ക് വേതനം നൽകുന്നതിനായിട്ടാണ് ടി തുക ചെലവഴിച്ചിരിക്കുന്നത്. പരിശോധനയ്ക്കായി ഹാജരാക്കിയ ഫയലിൽ പ്രോജക്ടിന്റെ കോപ്പിയും ബിൽ പകർപ്പും മാത്രമാണ് ഉണ്ടായിരുന്നത്. യോഗ പരിശീലകയെ തെരഞ്ഞെടുത്തതെങ്ങനെ, എപ്രകാരമാണ് അവരുടെ വേതനം നിർണ്ണയിച്ചത്, പരിശീലനം എവിടെവെച്ച് നടത്തി, പരിശീലനത്തിന്റെ ഗുണഭോക്താക്കളായ വനിതകളുടെ ഹാജർ മുതലായവ വിവരങ്ങളും ടി പദ്ധതിയ്ക്കായി ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ മേൽ പദ്ധതിയ്ക്കായി ചെലവഴിച്ച 36000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ചെലവ് വിവരം.
04/26.3.2020 – 24,000/-
05/26.3.2020 – 12,000/-

## 1-19 പ്രസവാനന്തര ശുശ്രൂഷയ്ക്ക് മരുന്ന് വാങ്ങി നൽകൽ - മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത പ്രോജക്ട് സർക്കാർ അനുമതിയില്ലാതെ നടപ്പാക്കി.

പ്രോജക്ട് നം. 12/2020

അടങ്കൽ – 1,00,000/- (വികസനഫണ്ട്)

ചെലവ് -1,00,000/- (ബിൽ നം. 02/16.10.2019)

മെഡിക്കൽ ഓഫീസർ (ആയുർവേദം) നടപ്പാക്കിയ ടി പ്രോജക്ട് പ്രകാരം പ്രസവാനന്തര ശുശ്രൂഷയ്ക്ക് ആവശ്യമായ മരുന്ന് ലഭ്യമാക്കുന്നതിന് ഔഷധിയുടെ പ്രഫോർമ ഇൻവോയ്സ് നമ്പർ 87049/ 09.10.2019 പ്രകാരം 1,00,000 രൂപ നൽകുകയും താഴെപറയുന്ന ഇൻവോയ്സുകൾ പ്രകാരം ഔഷധി 99,931 രൂപയുടെ മരുന്ന് വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.

ഇൻവോയ്സ് നം 9014786/ 19.10..2019 – 30486/-

ഇൻവോയ്സ് നം 90137292/ 31.10.2019 – 21246/-

ഇൻവോയ്സ് നം 90141711/ 29.11.2019 – 18885/-

ഇൻവോയ്സ് നം 9014547/ 31.12.2019 – 29314/-

പദ്ധതി മാർഗ്ഗരേഖയിൽ ഉൾപ്പെട്ടിട്ടില്ലാത്ത ടി പ്രോജക്ട് നടപ്പാക്കുന്നതിന് സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങിയിട്ടില്ല. കൂടാതെ ടി പ്രോജക്ട് പ്രകാരം വാങ്ങിയ മരുന്നിന്റെ വിതരണ വിവരവും ഗുണഭോക്താക്കളുടെ പേരുവിവരവും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. മേൽ അപാകതകൾക്ക് വിശദീകരണം ബോധിപ്പിക്കുന്നതിനും രേഖകൾ ഹാജരാക്കുന്നതിനുമായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. മേൽ കാരണങ്ങളാൽ പ്രസവാനന്തര ശുശ്രൂഷയ്ക്ക് മരുന്ന് വാങ്ങി നൽകൽ എന്ന പദ്ധതി പ്രകാരമുള്ള 1,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഔഷധിയ്ക്ക് നൽകിയ 1,00,000 രൂപയിൽ 99,931 രൂപയുടെ മരുന്ന് മാത്രമാണ് സ്ഥാപനം ലഭ്യമാക്കിയിട്ടുള്ളത്. ശേഷിക്കുന്ന 69 രൂപ തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-20 നിശ്ചിത സമയപരിധിക്കുള്ളിൽ കരാർ വെക്കാതിരുന്നതിന് നിയമാനുസൃത ഫൈൻ ഈടാക്കിയില്ല.

ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ സെലക്ഷൻ നോട്ടീസ് പ്രകാരമുള്ള നിശ്ചിത തിയതിക്കുള്ളിൽ എഗ്രിമെന്റ് വെക്കാതിരുന്നതിന് ഫൈൻ ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | പ്രവൃത്തി | കരാറുകാരൻ/ പി.എ.സി | സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തിയതി | നോട്ടീസ് പ്രകാരം എഗ്രിമെന്റ് വെക്കേണ്ട തിയതി | എഗ്രിമെന്റ് വെച്ച തിയതി | ബിൽ നമ്പർ- | ഈടാക്കേണ്ട ഫൈൻ |
|---|---|---|---|---|---|---|---|
| 1 | 110/20 വാലുപറമ്പ് മുതൽ പ്രവീൺ നിവാസ് വരെ മെയിന്റനൻസ് | കെ.ഷാജി 2,19,978/- | 16.11.18 | 1.12.18 | 28.1.19 | 31/13.1.20, 189261/- | 2200/- |
| 2 | 104/20കുന്നങ്കരി ബസ് സ്റ്റാന്റ് തോട്ടുങ്കൽ റോഡ് ടാറിംഗ് | കെ. ഷാജി 299011/- | 30.10.18 | 13.11.18 | 4.12.18 | 17/28.9.19, 292260/- | 2990/- |

ഇപ്രകാരം നിമാനുസൃത കാലയളവിനുള്ളിൽ എഗ്രിമെന്റ് വെക്കാതിരുന്നതിന് നിയമാനുസൃത ഫൈൻ ഈടാക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-21 നിയമാനുസൃത നിരക്കിൽ ഇ.എം.ഡി ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ നിയമാനുസൃത നിരക്കിൽ ഇ.എം.ഡി ഈടാക്കിയതായി കാണുന്നില്ല.

പ്രോജക്ട് നമ്പർ-88/20

അംഗനവാടി മെയിന്റനൻസ്

കരാറുകാരൻ- ജോസഫ് കുട്ടി ജോസഫ്

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക 347550/- രൂപയാണ്. ആയതിന്റെ 2.5% തുക ഇ.എം.ഡിയായി സ്വീകരിക്കേണ്ടതാണ്. എന്നാൽ 22.11.2018ൽ സമർപ്പിച്ചിട്ടുള്ള ടെണ്ടർ ഫോമിനോടൊപ്പം ഇ.എം.ഡി യായി ഉൾച്ചേർത്തിട്ടുള്ള ഡെപ്പോസിറ്റ് രസീത്, 30 ദിവസക്കാലയളവിലേക്ക് (23.11.18മുതൽ 23.2.18 വരെ) ചങ്ങനാശ്ശേരി കാനറ ബാങ്കിൽ 2500/-രൂപ നിക്ഷേപിച്ചതിന്റെ രസീതാണ്. ആയത് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ പ്ലെഡ്ജ് ചെയ്ത് നൽകിയിട്ടില്ല. കൂടാതെ ഫയലിനോടൊപ്പം 7000/- രൂപയുടെ മറ്റൊരു ഡെപ്പോസിറ്റ് രസീത് ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ കാലാവധി ടെണ്ടർഫോം സമർപ്പിച്ചതിന് മുമ്പ് തന്നെ തീർന്നതാണ്. ഇതിൽനിന്നും നിയമാനുസൃത നിരക്കിൽ ഇ.എം.ഡി ഈടാക്കുന്നില്ലയെന്ന് വ്യക്തമാണ്.

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (14/15.3.22) മറുപടി ലഭ്യമാക്കിയില്ല. ടെണ്ടർ ഫോമിനോടൊപ്പം ഇ.എം.ഡിയായി സമർപ്പിക്കുന്ന ഡെപ്പോസിറ്റ് രസീതുകൾ നിശ്ചിത മൂല്യമുള്ളതാണെന്നും കാലഹരണപ്പെട്ടതല്ലായെന്നും പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-22 കാലിവീപ്പയുടെ വിലയും 18% നിരക്കിൽ ജി.എസ്.ടിയും ഈടാക്കിയിട്ടില്ല

വെളിയനാട് ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. എന്നാൽ കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വിലയും 18% നിരക്കിൽ ജി.എസ്.ടിയും ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട്/പേര് | കരാറുകാരന്റെ പേര് | ഫണ്ടിനം | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 238രൂപ നിരക്കിൽ ഈടാക്കേണ്ട തുക | 18% നിരക്കിൽ ഈടാക്കേണ്ട ജി.എസ്.ടി | ബിൽ നമ്പർ തിയതി |
|---|---|---|---|---|---|---|---|
| 1 | 83/20പട്ടാപ്പറമ്പ് മുതൽ അമ്പിളി സദനം വരെ റോഡ് ടാറിംഗ് | സിജു. വി | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 19ബാരൽ | 4522 | 817 | 16/16.9.19, 262748/- |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | 86/20 അച്ചന്റെ ചിറമുതൽ വാഴയിൽമുട്ട് പള്ളിച്ചിറ വരെ റോഡ് മെയിന്റനൻസ് | കെ.സന്തോഷ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 7 ബാരൽ | 1667 | 300 | 14/12.7.19 |
| 3 | 104/20 കുന്നങ്കരി ബസ് സ്റ്റാന്റ് തോട്ടുങ്കൽ റോഡ് ടാറിംഗ് | കെ. ഷാജി | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 8 ബാരൽ | 1904 | 343 | 17/28.9.19, 292260/ |
| | ആകെ | | | | 8093 | 1460 | |

മേൽ വിഷയം പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (16/15.3.22) ലഭ്യമാക്കിയ മറുപടിയിൽ മേൽ തുക കരാറുകരിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കാലിവീപ്പയുടെ വിലയും ജി എസ് ടിയും പ്രത്യേകം കണക്കാക്കി ഒടുക്ക് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-23 ദേശീയ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് - അപാകതകൾ

വർക്ക് കോഡ്- RC-271164, അളവ് പുസ്തകം 190/1920

മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരൻ- ജോസഫ് കുട്ടി ജോസഫ്

കോൺക്രീറ്റ് റോഡ് നിർമ്മാണം റീച്ച് 2

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ മസ്റ്റർ റോൾ, സൈറ്റ് ഡയറി എന്നിവ പ്രകാരം 9.12.19ൽ ആരംഭിച്ച് 13.12.19ൽ പ്രവൃത്തി അവസാനിച്ചിട്ടുള്ളതാണ്. കൂടാതെ മസ്റ്റർ റോൾ മൂവ്മെന്റ് സ്ലോപ്പ് പ്രകാരം 14.12.19ന് അളവ് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. റോഡ് കോൺക്രീറ്റിംഗിനാവശ്യമായ മെറ്റീരിയൽസ് 40mm, 20mmമെറ്റൽ തുടങ്ങിയവ കരാറുകാരൻ സപ്ലൈ ചെയ്തതായി കരാറുകാരന്റെ ലെറ്റർപാഡിൽ എഴുതി നൽകിയിട്ടുണ്ട്. എന്നാൽ ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടുള്ള ബില്ലുകൾ പ്രകാരം ടി പ്രവൃത്തിക്കായി സിമന്റ് വാങ്ങിയിട്ടുള്ളത് 9.1.20ലും 40mmമെറ്റൽ റോയൽ ഗ്രാനൈറ്റ്സ് പള്ളിപ്പടി കറുകച്ചാൽ എന്നസ്ഥാപനത്തിന്റെ ഇൻവോയ്സ് നമ്പർ A-2449/16.12.19പ്രകാരം 16.12.19ലുമാണ്. അതായത് പ്രവൃത്തി പൂർത്തിയാക്കി അവസാന അളവും രേഖപ്പെടുത്തിയ ശേഷമാണ് മെറ്റീരിയൽ സപ്ലൈചെയ്തിട്ടുള്ളത്. അതുപോലെ 20mm, 10mm, 6mmമെറ്റലുകൾ സപ്ലൈ ചെയ്തിട്ടുള്ളതും യഥാക്രമം 16.12.19, 16.1.20, 21.1.20 എന്നീ തിയതികളിലാണ്. പ്രവൃത്തി പൂർത്തീകരണത്തിന് ശേഷം പ്രവൃത്തിക്കാവശ്യമായ മെറ്റൽ സപ്ലൈ ചെയ്യുകയെന്നത് അപ്രായോഗികമാണ്. ആയത് അംഗീകരിക്കാവുന്നതുമല്ല.

മെറ്റീരിയൽ സപ്ലൈ ചെയ്തയിനത്തിൽ ടിയാൾക്ക് 255298/-രൂപ നൽകിയിട്ടുണ്ട്. ആയതിന് 2%ജി.എസ്.ടി കുറവ് ചെയ്തിട്ടുണ്ടെങ്കിലും ആയത് തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. കൂടാതെ വരുമാന നികുതി കുറവ് ചെയ്തിട്ടില്ല. മേൽ അപാകതകൾ ആവർത്തിക്കുന്ന ഏതാനും പ്രവൃത്തികളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

കോൺക്രീറ്റ് റോഡ് നിർമ്മാണം

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | മെറ്റീരിയൽ സപ്ലൈ ചെയ്ത തുക | കരാറുകാരൻ | ഈടാക്കിയ ജി.എസ്.ടി | ഈടാക്കേണ്ട വരുമാന നികുതി | ഈടാക്കിയ വരുമാന നികുതി | വരുമാന നികുതി കുറവ് |
|---|---|---|---|---|---|---|---|
| 1 | വർക്ക് കോഡ്- RC-271164, | 255298/ | ജോസഫ്കുട്ടി ജോസഫ് | 5106 | 5106 | 00 | 5106 |
| 2 | വർക്ക് കോഡ്- RC-267645, | 356909/- | കെ.ഷാജി | 7138 | 7138 | 00 | 7138 |
| 3 | വർക്ക് കോഡ്- RC-258101 | 265513 | ആന്റണി പി.ജെ | 5310 | 5310 | 00 | 5310 |
| 4 | വർക്ക് കോഡ്- RC-267648 | 299528 | ആന്റണി പി.ജെ | 5990 | 5990 | 00 | 5990 |
| 5 | വർക്ക് കോഡ്- RC-258089 | 406043 | സജീഷ് ടി.എസ് | 8120 | 8120 | 00 | 8120 |
| 6 | വർക്ക് കോഡ്- RC-258086 | 396809 | കെ.ഷാജി | 7936 | 7936 | 00 | 7936 |
| 7 | കോഡ്- RC-267644 | 402096 | കെ.ഷാജി | 8042 | 8042 | 00 | 8042 |

| | | | | | | | |
|---|---|---|---|---|---|---|---|
| 8 | കോഡ്-RC-267643 | 361847 | സിജു | 7236 | 7236 | 00 | 7236 |
| 9 | കോഡ്-RC-267642 | 406044 | സജീഷ് ടി.എസ് | 8120 | 8120 | 00 | 8120 |
| 10 | കോഡ്-RC-271169 | 121769 | കെ.ഷാജി | 2431 | 2431 | 00 | 2431 |
| ആകെ | | | | 65429 | 65429 | 00 | 65429 |

മേൽ സൂചിപ്പിച്ചവിധം വരുമാന നികുതി കുറവ് ചെയ്യാതിരുന്നത് സംബന്ധിച്ചും ബില്ലിൽ നിന്നും കുറവ് ചെയ്ത ജി.എസ്.ടി തുക ജി.എസ്.ടി വകുപ്പിലേക്ക് ഒടുക്ക് വരുത്തിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ചും പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (18/15.3.22) മറുപടി ലഭ്യമാക്കിയില്ല. ജി.എസ്.ടി ഇനത്തിൽ ബില്ലിൽ നിന്നും കുറവ് ചെയ്ത് തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള പ്രവൃത്തികൾ കൂടാതെ തൻവർഷം നടപ്പിലാക്കിയ മറ്റ് പ്രവൃത്തികളിൽ നിന്നും ഈടാക്കിയിട്ടുള്ള തുകകളും കണക്കാക്കി ജി.എസ് ടി വകുപ്പിലേക്ക് ഒടുക്കു വരുത്തേണ്ടതാണ്. അതുപോലെ വരുമാന നികുതിയിനത്തിൽ ഈടാക്കേണ്ട 65429/-രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-24 ക്ഷേമ പെൻഷനുകളുടെ വിതരണം-സംബന്ധിച്ച്

പഞ്ചായത്തിലെ 2019-2020 വർഷത്തെ മരണറിപ്പോർട്ടും വിവിധ ക്ഷേമ പെൻഷനുകളുടെ വിവരങ്ങളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) ഗുണഭോക്താക്കൾ മരണപ്പെട്ടശേഷം തൊട്ടടുത്ത മാസങ്ങളിൽതന്നെ പെൻഷൻ സസ്പെൻഡ് ചെയ്യാത്തതിനാൽ സഹകരണ ബാങ്കുകളിലേക്ക് തുടർന്നും തുക നൽകിയിട്ടുണ്ട്.

| ക്ര നം | പേര്, വിലാസം | പെൻഷൻ/ പെൻഷൻ ID | മരിച്ച തീയതി | മരണം രജിസ്റ്റർ ചെയ്ത തിയതി | പെൻഷൻ അർഹമായത് | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 1 | സേവ്യർ ചാക്കോ പൂവമ്പറമ്പ് | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 1046590200257 | 1.4.19 | 13.5.19 | 4/2019വരെ | 5/19, 6/19, 7/19<br>1800/- |

കൂടാതെ താഴെ പറയുന്ന ഗുണഭോക്താക്കളുടെ പെൻഷൻ മരണം രജിസ്റ്റർ ചെയ്തശേഷവും മസ്റ്ററിംഗ് പൂർത്തിയാക്കാത്തതിനാൽ തടഞ്ഞുവെച്ചിരിക്കുന്നു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

| ക്ര നം | പേര്, വിലാസം | പെൻഷൻ/ പെൻഷൻ ID | മരിച്ച തീയതി | മരണം രജിസ്റ്റർ ചെയ്ത തിയതി | പരാമർശം |
|---|---|---|---|---|---|
| 1 | രാജപ്പൻ പുത്തൻപറമ്പ് കുന്നംകരി | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 104640201410 | 6.7.19 | 6.8.19 | മസ്റ്ററിംഗ് പൂർത്തി യാക്കാത്തതിനാൽ7/19മുതൽ തടഞ്ഞുവെച്ചിരിക്കുന്നു |
| 2 | ടി.വി.വാസു തണ്ടാശ്ശേരി കിടങ്ങറ | കർഷക തൊഴിലാളി പെൻഷൻ 104590100483 | 31.7.19 | 25.9.19 | മസ്റ്ററിംഗ് പൂർത്തിയാക്കാത്തതിനാൽ 8/19മുതൽ തടഞ്ഞു വെച്ചിരിക്കുന്നു |
| 3 | ആനന്ദവല്ലി ബി കിഴക്കേപുരക്കൽ | കർഷക തൊഴിലാളി പെൻഷൻ 104590101506 | 22.10.19 | 11.11.19 | മസ്റ്ററിംഗ് പൂർത്തിയാക്കാത്തതിനാൽ 8/19മുതൽ തടഞ്ഞുവെച്ചിരിക്കുന്നു |
| 4 | ജോസഫ് പുന്നൂസ് ചക്കംകരി വെളിയനാട് | കർഷക തൊഴിലാളി പെൻഷൻ 104590100329 | 21.11.19 | 19.12.19 | മസ്റ്ററിംഗ് പൂർത്തിയാക്കാത്തതിനാൽ 8/19മുതൽ തടഞ്ഞുവെച്ചിരിക്കുന്നു |

മരണം റിപ്പോർട്ട് ചെയ്യപ്പെട്ട കഴിഞ്ഞ് പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിന് വളരെയധികം കാലതാമസം ഉണ്ടായിട്ടുള്ളവയുടെ ചില ഉദാഹരണങ്ങൾ മാത്രമാണിത്. ഡി.ബി.ടി റിപ്പോർട്ട് പ്രകാരം വിതരണം ചെയ്യാൻ സാധിക്കാതെ വിവിധ സഹകരണ ബാങ്കുകളിൽ അവശേഷിക്കുന്ന ഈ തുകകൾ സർക്കാരിലേക്ക് തിരികെ അടയ്ക്കുന്നുണ്ടോ എന്നതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

2) ബാങ്ക് അക്കൌണ്ടിലേക്ക് നേരിട്ട് പെൻഷൻ തുക ലഭിക്കുന്നവർ മരണപ്പെട്ടാൽ പെൻഷൻ സസ്പൻഡ് ചെയ്യുന്നതു വരെയുള്ള കാലയളവിൽ അനർഹമായി നൽകുന്ന തുക അനന്തരാവകാശികൾ കൈപ്പറ്റുന്ന സ്ഥിതിയാണുള്ളത്.

മേൽ സൂചിപ്പിച്ച വ്യക്തിയുടെ പെൻഷൻ സസ്പെൻഡുചെയ്യുന്നതിനും അവകാശികൾ അനർഹമായി കൈപ്പറ്റിയിട്ടുള്ള തുക തിരികെ അടവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക്

(5/11.3.22) മറുപടി ലഭ്യമാക്കിയില്ല. മേൽ പട്ടിക 1ൽ സൂചിപ്പിച്ചിട്ടുള്ള വിധം അവകാശികൾ അനർഹമായി കൈപ്പറ്റിയിട്ടുള്ള തുക 1800/-രൂപ തിരികെ ഈടാക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

### 1-25 നെൽവിത്ത് വിതരണം-കൃഷിഭൂമിക്ക് ആനുപാതികമല്ല.

പ്രോജക്ടിന്റെ പേര് - നെൽ വിത്ത് സബ്സിഡി

പ്രോജക്ട് നമ്പർ - 24/2020

അടങ്കൽ - 800000/-

ചെലവ് - 461552/-

മേൽ പദ്ധതി പ്രകാരം പല പാടശേഖര സമിതിക്കും വിതരണം ചെയ്തിട്ടുള്ള നെൽവിത്തിന്റെ അളവ് ഭൂമിയുടെ അളവ് സംബന്ധമായ സ്റ്റേറ്റ്മെന്റിലെ രേഖപ്പെടുത്തലുകളുമായി പൊരുത്തപ്പെടുന്നില്ല. ഉദാഹരണത്തിന് പറമ്പടി പാടശേഖര സമിതി ആകെ കൃഷി ചെയ്യുന്ന കൃഷിഭൂമിയുടെ അളവ് 345 ഹെക്ടറാണ്. അതു പ്രകാരം 34500 കിലോ നൽകേണ്ടതിനു പകരം വിതരണ സ്റ്റേറ്റ്മെന്റ് പ്രകാരം 37008 കിലോ നൽകിയിരിക്കുന്നു. നെൽ വിത്ത് വിതരണ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ, പല പാടശേഖര സമിതിക്കും വിതരണം ചെയ്തിട്ടുള്ള നെൽവിത്തിന്റെ അളവ് കൃഷിഭൂമിയുടെ അളവിനെ അപേക്ഷിച്ച് വളരെ കൂടുതലാണ് ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 32/22.03.2022) മറുപടി ലഭ്യമാക്കിയില്ല. കൃഷിഭൂമിയുടെ അളവിന് ആനുപാതികമായി വിത്ത് വാങ്ങി വിതരണം നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 പഞ്ചായത്ത് ലൈസൻസ് ഫീസ് -മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയതിൽ കുറവ്

1) ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നല്കുന്ന ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസിനായി സമർപ്പിച്ച അപേക്ഷകളിൽ രേഖപ്പെടുത്തിയ മൂലധന നിക്ഷേപത്തിന് ആനുപാതികമായി പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 7പട്ടിക II പ്രകാരം ടി സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം / ഉടമസ്ഥന്റെ പേര് | അപേക്ഷ പ്രകാരമുള്ള മൂലധന നിക്ഷേപം | ഈടാകേണ്ട ഫീസ് | ഈടാക്കിയ ഫീസ് | കുറവ് |
|---|---|---|---|---|---|
| 1 | ജോസഫ് / അനയ ജുവലറി | 20 ലക്ഷം | 1000 | 500 | 500 |
| 2 | വാസുദേവൻ നായർ | 1,20,000 | 500 | 250 | 250 |
| 3 | തോമസ് പി തോമസ് / യൂറോ എഞ്ചിനിയേഴ്സ് | 38 ലക്ഷം | 1000 | 520 | 480 |
| 4 | ഒറ്റക്കടിശേരിൽ ഏജൻസീസ് | 80,000 | 500 | 250 | 250 |
| 5 | അമൽ ചന്ദ്ര / അമൽ സ്റ്റോർസ് | 80,000 | 500 | 250 | 250 |
| 6 | ബിജു മോൻ K | രേഖപ്പെടുത്തിയിട്ടില്ല | 500 | 250 | 250 |
| 7 | സ്മിതാ ബാബു / പുളിവേലിൽ ഏജൻസീസ് | 15 ലക്ഷം | 1000 | 500 | 500 |
| 8 | ലൈജു കെ.പി / പൊന്നൂസ് കമ്മ്യൂണിക്കേഷൻ | 60,000 | 500 | 250 | 250 |
| 9 | എം.പി മോഹനൻ / മാളിയേക്കൽ ഏജൻസീസ് | 50,000 | 500 | 250 | 250 |
| | ആകെ | | | | 2980/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം:3 / തീയതി:11-03-22) മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് വന്ന തുക പഞ്ചായത്തിൽ അടവാക്കി ഓഡിറ്റിൽ അറിയിക്കുകയും ഇത്തരം വരുമാന നഷ്ടം ഒഴിവാക്കുന്നതിന്' നടപടികൾ സ്വീകരിക്കേണ്ടതുമാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

2) ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല

1996 ലെ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ) ചട്ടങ്ങൾ, ചട്ടം 3 പട്ടിക 1 പ്രകാരം, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ (പട്ടിക ക്രമ നം: 149), അബ്കാരി ഷാപ്പുകൾ (പട്ടിക ക്രമ നം: 139) ലൈസൻസ് എടുക്കുകയും പുതുക്കുകയും ചെയ്യേണ്ടതാണ്. പഞ്ചായത്തിന്റെ ലൈസൻസ് സംബന്ധിച്ച അപേക്ഷകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകളും, അബ്കാരി ഷാപ്പുകളും ലൈസൻസിനുള്ള അപേക്ഷ സമർപ്പിക്കുകയോ, പുതുക്കുകയോ ചെയ്തിട്ടില്ലാത്തതായി കാണുന്നു. ടി സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം: 1, തീയതി 09/03/2022) മറുപടി ലഭിച്ചില്ല. 1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1), 233(എ) അനുസരിച്ച് ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടികൾ കൈക്കൊള്ളേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. ഈ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

3) മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയതിൽ കുറവ്

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നല്കുന്ന ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ, കുട്ടനാട് കൊയർ ആൻഡ് റബ്ബർ പ്രോഡക്ട്സ് എന്ന സ്ഥാപനത്തിന്റെ ലൈസൻസ് പുതുക്കുന്നതിനായി ശ്രീ.അജയ് സക്കറിയ മാത്യു സമർപ്പിച്ച അപേക്ഷയിൽ യന്ത്രത്തിന്റെ കുതിര ശക്തി 150 HP എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത ചട്ടത്തിലെ പട്ടിക 3 പ്രകാരം ഈടാക്കാവുന്ന മോട്ടോർ റണ്ണിംഗ് ഫീസായ 2000/- രൂപ ഈടാക്കിയിട്ടില്ല, പകരം 1000/- രൂപയാണ് ഈടാക്കിയത്. മോട്ടോർ റണ്ണിംഗ് ഫീസ് കുറവ് ഈടാക്കിയത് സംബന്ധിച്ച് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം: 1, തീയതി 09/03/2022) മറുപടി ലഭ്യമാക്കിയില്ല.

ടി സ്ഥാപനത്തിൽ നിന്നും മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയ ഇനത്തിൽ കുറവ് വന്ന തുക ഈടാക്കി ഒടുക്ക് വരുത്തി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. സ്ഥാപനങ്ങളിലെ യന്ത്രത്തിന്റെ കുതിരശക്തിക്ക് ആനുപാതികമായി പ്രസ്തുത ചട്ടത്തിലെ പട്ടിക 3 പ്രകാരം മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ക്ഷേമ പെൻഷനുകളുടെ വിതരണം-സംബന്ധിച്ച്

പഞ്ചായത്തിലെ 2019-2020 വർഷത്തെ മരണറിപ്പോർട്ടും വിവിധ ക്ഷേമ പെൻഷനുകളുടെ വിവരങ്ങളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) ഗുണഭോക്തക്കൾ മരണപ്പെട്ടശേഷം തൊട്ടടുത്ത മാസങ്ങളിൽതന്നെ പെൻഷൻ സസ്പെൻഡ് ചെയ്യാത്തതിനാൽ സഹകരണ ബാങ്കുകളിലേക്ക് ഉടർന്നും തുക നൽകിയിട്ടുണ്ട്.

| ക്ര നം | പേര്, വിലാസം | പെൻഷൻ/ പെൻഷൻ ID | മരിച്ച തീയതി | മരണം രജിസ്റ്റർ ചെയ്ത തിയതി | പെൻഷൻ അർഹമായത് | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 1 | സേവ്യർ ചാക്കോ പൂവമ്പറമ്പ് | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 1046590200257 | 1.4.19 | 13.5.19 | 4/2019വരെ | 5/19, 6/19, 7/19 1800/- |

കൂടാതെ താഴെ പറയുന്ന ഗുണഭോക്താക്കളുടെ പെൻഷൻ, മരണം രജിസ്റ്റർ ചെയ്ത ശേഷവും മസ്റ്ററിംഗ് പൂർത്തിയാക്കാത്തതിനാൽ തടഞ്ഞുവെച്ചിരിക്കുന്നു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

| ക്ര നം | പേര്, വിലാസം | പെൻഷൻ/ പെൻഷൻ ID | മരിച്ച തീയതി | മരണം രജിസ്റ്റർ ചെയ്ത തിയതി | പരാമർശം |
|---|---|---|---|---|---|
| 1 | രാജപ്പൻ പുത്തൻപറമ്പ് കുന്നംകരി | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 104640201410 | 6.7.19 | 6.8.19 | മസ്റ്ററിംഗ് പൂർത്തിയാക്കാത്തതിനാൽ7/19മുതൽ തടഞ്ഞുവെച്ചിരിക്കുന്നു |
| 2 | ടി.വി.വാസു തണ്ടാശ്ശേരി കിടങ്ങറ | കർഷക തൊഴിലാളി പെൻഷൻ 104590100483 | 31.7.19 | 25.9.19 | മസ്റ്ററിംഗ് പൂർത്തിയാക്കാത്തതിനാൽ 8/19മുതൽ തടഞ്ഞു വെച്ചിരിക്കുന്നു |
| 3 | ആനന്ദവല്ലി ബി കിഴക്കേപ്പുരക്കൽ | കർഷക തൊഴിലാളി പെൻഷൻ | 22.10.19 | 11.11.19 | മസ്റ്ററിംഗ് പൂർത്തിയാക്കാത്തതിനാൽ 8/19മുതൽ |

| | | | | | |
|---|---|---|---|---|---|
| | | 104590101506 | | | തടഞ്ഞുവെച്ചിരിക്കുന്നു |
| 4 | ജോസഫ് പുന്നൂസ് ചക്കംകരി വെളിയനാട് | കർഷക തൊഴിലാളി പെൻഷൻ 104590100329 | 21.11.19 | 19.12.19 | മസ്റ്ററിംഗ് പൂർത്തിയാക്കാത്തതിനാൽ 8/19മുതൽ തടഞ്ഞുവെച്ചിരിക്കുന്നു |

മരണം റിപ്പോർട്ട് ചെയ്യപ്പെട്ട കഴിഞ്ഞ് പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിന് വളരെയധികം കാലതാമസം ഉണ്ടായിട്ടുള്ളവയുടെ ചില ഉദാഹരണങ്ങൾ മാത്രമാണിത്. ഡി.ബി.ടി റിപ്പോർട്ട് പ്രകാരം വിതരണം ചെയ്യാൻ സാധിക്കാതെ വിവിധ സഹകരണ ബാങ്കുകളിൽ അവശേഷിക്കുന്ന ഈ തുകകൾ സർക്കാരിലേക്ക് തിരികെ അടയ്ക്കുന്നുണ്ടോ എന്നതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

2) ബാങ്ക് അക്കൌണ്ടിലേക്ക് നേരിട്ട് പെൻഷൻ തുക ലഭിക്കുന്നവർ മരണപ്പെട്ടാൽ പെൻഷൻ സസ്പൻഡ് ചെയ്യുന്നതു വരെയുള്ള കാലയളവിൽ അനർഹമായി നൽകുന്ന തുക അനന്തരാവകാശികൾ കൈപ്പറ്റുന്ന സ്ഥിതിയാണുള്ളത്.

മേൽ സൂചിപ്പിച്ച വ്യക്തിയുടെ പെൻഷൻ സസ്പൻഡ് ചെയ്യുന്നതിനും അവകാശികൾ അനർഹമായി കൈപ്പറ്റിയിട്ടുള്ള തുക തിരികെ അടവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (5/11.3.22) മറുപടി ലഭ്യമാക്കിയില്ല. മേൽ പട്ടിക 1ൽ സൂചിപ്പിച്ചിട്ടുള്ള വിധം അവകാശികൾ അനർഹമായി കൈപ്പറ്റിയിട്ടുള്ള തുക തിരികെ 1800/-രൂപ തിരികെ ഈടാക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-2 പരസ്യചാർജ്ജിന്മേൽ ഡിസ്ക്കൌണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചില്ല.

സെക്രട്ടറി നടപ്പാക്കിയ പദ്ധതി ആസൂത്രണ, നിർവ്വഹണ, മോണിട്ടറിംഗ് എന്ന പ്രോജക്റ്റിന്റെ (പ്രോജക്ട് നം. 01/20) ഭാഗമായി പഞ്ചായത്തിന്റെ വികസന പദ്ധതികൾ മലയാള മനോരമ ദിനപത്രത്തിൽ പരസ്യം ചെയ്യതിന് പരസ്യ ചാർജ്ജിനത്തിൽ പത്ര സ്ഥാപനം ഹാജരാക്കിയ താഴെപറയുന്ന ബില്ലുകൾ പ്രകാരമുള്ള 52,448 രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് നൽകിയിട്ടുണ്ട്.

| ക്രമ മം | ബിൽ നം | തുക |
|---|---|---|
| 01 | 1942466206/ 18.2.2019 | 7508 |
| 02 | 426008182/ 12.4.2019 | 7560 |
| 03 | 432024168/ 31.7.2019 | 7560 |
| 04 | 442000003/ 1.11.2019 | 7560 |
| 05 | 442005793/ 8.12.2019 | 7560 |
| 06 | 444714000/ 19.1.2020 | 7560 |
| 07 | 446015956/ 20.2.2020 | 7560 |

ജി.ഒ.(ആർ.ടി)1/2011/പി&എ.ആർ.ഡി 04-01-2011 പ്രകാരം പരസ്യങ്ങൾ പി&എ.ആർ.ഡി മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്കൗണ്ട് അനുവദിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതനുസരിച്ച് ഗ്രാമപഞ്ചായത്ത് നൽകിയ പരസ്യങ്ങൾക്ക് 7867/-രൂപ ഡിസ്കൌണ്ട് ലഭിക്കേണ്ടതായിരുന്നു. എന്നാൽ പരസ്യങ്ങൾക്ക് ഡിസ്കൗണ്ട് അനുവദിക്കാതെയാണ് പത്രസ്ഥാപനം പരസ്യ ചാർജ്ജ് ഡിമാന്റ് ചെയ്യതും, പഞ്ചായത്ത് ടി ബില്ലുകൾ പ്രകാരമുള്ള മുഴുവൻ തുകയും അനുവദിക്കുകയും ചെയ്തതത്. നിയമാനുസൃതം ലഭിക്കേണ്ടിയിരുന്ന ഡിസ്കൗണ്ട് ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (8/15.3.22) മറുപടി ലഭ്യമാക്കിയില്ല. സ്ഥാപനത്തിൽ നിന്ന് ഡിസ്കൗണ്ട് ലഭ്യമാക്കാത്തതു മൂലം ഉണ്ടായ നഷ്ടം 7867/- രൂ. നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 70000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 70000 | 00 |
| | 2019-20 | 100000 | അനുപൂരക പോഷകാഹാര പദ്ധതി | 100000 | 00 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 100000 | അനുപൂരക പോഷകാഹാര പദ്ധതി | 100000 | 00 |
| | 2019-20 | 700000 | ലൈഫ് പദ്ധതി | 00 | 700000 |
| | 2019-20 | 70000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 70000 | 00 |
| | | 100000 | പാലിയേറ്റീവ് കെയർ | 00 | 100000 |

മുൻവർഷങ്ങളിലേതുൾപ്പെടെ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയിൽ 1212420/- രൂപയും ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയിൽ 1928/-രൂപയും നാളിതുവരെ ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്നു. ആയത് ചെലവഴിക്കുവാനാകുന്നില്ലെങ്കിൽ തിരികെ ഒടുക്കുവരുത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | കണ്ണോത്ത് മുതൽ പുലിമുഖം വരെ പോസ്റ്റ് മാറ്റിയിടൽ | 725199004/ 14.10.19 | 46560 | 00 | 46560 |
| കെ.എസ്.ഇ.ബി | ആലയ്ക്കാട് പട്ടികജാതി കോളനിയിലേക്ക് സ്ട്രീറ്റ് ലൈൻ വലിക്കൽ | 667899374/ 21.5.19 | 24738 | 00 | 24738 |
| കെ.എസ്.ഇ.ബി | കറുകയിൽ കോളനിയിലേക്ക് സ്ട്രീറ്റ് ലൈൻ വലിക്കൽ | 667899376/ 21.5.19 | 249806 | 00 | 249806 |
| കെ.എസ്.ഇ.ബി | കരിശ്ശുംമൂട് മുതൽ കൈതാരം വരെ പോസ്റ്റ് മാറ്റിയിടൽ | 774406852/ 27.3.20 | 13000 | 00 | 13000 |
| കേരള വാട്ടർ അതോറിട്ടി | ആറ്റുചിറ പുതുവൽ കോളനിയിലേക്ക് പൈപ്പ് ലൈൻ | 667899378/ 21.5.19 | 162000 | 00 | 162000 |
| കേരള വാട്ടർ അതോറിട്ടി | കിഴക്കേ പുളിവേലിൽ മുതൽ ചെറിയിടം വരം പൈപ്പ് ലൈൻ നീട്ടൽ | 20/18.12.2019 | 50000 | 00 | 50000 |
| കേരള വാട്ടർ അതോറിട്ടി | ചിറയിൽ മുതൽ പാലിയേക്കര മോട്ടോർ തറ വരെ പൈപ്പ് ലൈൻ നീട്ടൽ | 20/12.12.2019 | 50000 | 00 | 50000 |

| | | | | | |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിട്ടി | കറുകപ്പറമ്പ് ജെട്ടി മുതൽ പുഞ്ചപിടാരം വരെ പൈപ്പ് ലൈൻ നീട്ടൽ | 26/21.12.2019 | 100000 | 00 | 100000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

തൻവർഷം ഈയിനത്തിൽ മുൻകൂറുകളൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി ഇല്ല | തൻവർഷം വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ വായ്പ-ഭവന പദ്ധതി | ജി.ഒ.എം.എസ് 2278/തസ്വഭവ 18.8.2018 | 2836864 | 7044110 | 743724 | | *9137250 |

* ബാലൻസ് ഷീറ്റ് ബി-5ഷെഡ്യൂൾ പ്രകാരം വായ്പായിനത്തിൽ തിരിച്ചടക്കവാൻ ബാക്കിയുള്ള തുകയായി കാണിച്ചിട്ടുള്ളത് 9136276/-രൂപയാണ്. 974/-രൂപയുടെ വ്യത്യാസം ഖണ്ഡിക 1-2-1ൽ പരാമർശിച്ചിട്ടുണ്ട്.

തിരിച്ചടവായി കാണിച്ചിട്ടുള്ള തുക ഉറവിടത്തിൽ കുറവ് ചെയ്തിട്ടുള്ളതാണ്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

തൻവർഷം ഈയിനത്തിൽ വരവൊന്നുമില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | വിഷയം |
|---|---|---|---|
| 1997-98 | 32, 57, 58 | 2001-02 2002-03 | 1. വ്യാജ രേഖ ചമച്ച് മരാമത്ത് പണികൾ ചെയ്തു 2. എസ്. സി. കുടുംബങ്ങൾക്ക് സി.എഫ്.എൽ. |
| 1999-2000 | 21-26 | 2003-04 | 1. മരാമത്ത് പണികൾ-രേഖ ഹാജരാക്കിയില്ല. 2. കമ്പ്യൂട്ടർ പഠനം രേഖ ഹാജരാക്കിയില്ല. |
| 2000-01 | 2-8 | 2005-06 (ഖണ്ഡിക നം. 2-21-8 | ധനവിനിയോഗ രേഖകൾ കൃത്യമാക്കാതെ പണം പിൻവലിച്ചു. |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഈയിനത്തിൽ തൻവർഷം വരവൊന്നുമില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,24,33,528/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,36,44,153/- |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | 3980 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 54668 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 520857 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

<table>
<tr><th rowspan="2">ഖണ്ഡിക നമ്പർ</th><th colspan="3">നഷ്ടമായ തുക</th><th rowspan="2">ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും</th></tr>
<tr><th>ചാർജ്ജ് ചെയ്യാവുന്നത്</th><th colspan="2">സർചാർജ്ജ് ചെയ്യാവുന്നത്</th></tr>
<tr><td>2-1</td><td>3980</td><td colspan="2"></td><td>ശ്രീമതി.ടെസീല എൻ.എ<br>സെക്രട്ടറി</td></tr>
<tr><td>3-1</td><td></td><td colspan="2">1800</td><td>ശ്രീ. രാമചന്ദ്രൻ.ജി<br>സെക്രട്ടറി</td></tr>
<tr><td rowspan="3">3-2</td><td rowspan="3"></td><td>1,2</td><td>15068</td><td>ശ്രീമതി.ടെസീല എൻ.എ<br>സെക്രട്ടറി</td></tr>
<tr><td>3</td><td>7560</td><td>ശ്രീ. രാമചന്ദ്രൻ.ജി<br>സെക്രട്ടറി</td></tr>
<tr><td>4,5,6,7</td><td>30240</td><td>ശ്രീമതി.അനീഷബീഗം.എ</td></tr>
<tr><td></td><td>3980</td><td></td><td>54668</td><td></td></tr>
</table>

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 22857 | ശ്രീമതി.ടെസീല എൻ.എ സെക്രട്ടറി |
| 1-17 | 162000 | ശ്രീമതി.ടെസീല എൻ.എ സെക്രട്ടറി |
| | 200000 | ശ്രീമതി.അനീഷബീഗം.എ സെക്രട്ടറി |
| 1-18 | 36000 | ഡോ.കെ.എസ് വിഷ്ണു നമ്പൂതിരി മെഡിക്കൽ ഓഫീസർ ആയുർവ്വേദം |
| 1-19 | 100000 | ഡോ.കെ.എസ് വിഷ്ണു നമ്പൂതിരി മെഡിക്കൽ ഓഫീസർ ആയുർവ്വേദം |
| ആകെ | 520857 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-23 | 65429 | ശ്രീമതി.അനീഷബീഗം.എ സെക്രട്ടറി |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| രാമചന്ദ്രൻ.ജി സെക്രട്ടറി | സെക്രട്ടറി മാരാരിക്കുളം വടക്ക് ഗ്രാമ പഞ്ചായത്ത് | നെൽപ്പുര പറമ്പിൽ കൊറ്റംകുളങ്ങര അവലൂക്കുന്ന് പി.ഒ |
| ശ്രീമതി.ടെസീല എൻ.എ സെക്രട്ടറി | ലഭ്യമാക്കിയില്ല. | ആനന്ദാലയം അവലൂക്കുന്ന പി.ഒ കോമളപുരം |
| ശ്രീമതി.അനീഷബീഗം.എ | പുറക്കാട് ഗ്രാമ പഞ്ചായത്ത് | പുളിമൂട്ടിൽ വട്ടയാൽ വാർഡ് തിരുവമ്പാടി |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1999-00 (ചെലവ്) | എൽഎഫ്എ-14/1398/03, തീയതി - 04-11-03/10-12-03 |
| 2000-01 (വരവ്) | എൽഎഫ്എ-പി3/1004/11, തീയതി - 03-04-12/12-04-12 |
| 2001-02(വരവ്) | എൽഎഫ്എ-പി3/1005/11, തീയതി - 03-04-12/12-04-12 |
| 2002-03 | എൽഎഫ്എ-പി3/1006/11, തീയതി - 03-04-12/12-04-12 |
| 2003-04 | എൽഎഫ്എ-പി3/1007/11, തീയതി - 03-04-12/10-05-12 |
| 2004-05 | എൽഎഫ്എ-പി3/1008/11, തീയതി - 13-04-12/13-06-12 |
| 2005-06 | എൽഎഫ്എ-പി3/1009/11, തീയതി - 13-04-12/13-06-12 |
| 2008-09 | എൽഎഫ്എ-പി3/1012/11, തീയതി - 16-04-12/13-06-12 |
| 2009-10 | എൽഎഫ്എ-പി3/1013/11, തീയതി - 16-04-12/13-06-12 |
| 2010-11, 2011-12, 2012-13 | എൽഎഫ്എ-പി10/1573/13, തീയതി - 26-04-14/15-07-14 |

| | |
|---|---|
| 2013-14, 14-15 | കെ.എസ്.എ-എ.എൽ.പി-പി.10-1455/2015/ 16.11.15 |
| 2015-16 | കെ.എസ്.എ-എ.എൽ.പി-പി.12/5/2017/ 09.01.2017 |
| 2016-17 | കെ.എസ്.എ-എ.എൽ.പി-പി.12/1177/2017/ 11.09.2017 |
| 2017-18 | കെ.എസ്.എ-എ.എൽ.പി-പി.12/282 /19/16.05.2019 |
| 2018-19 | കെ.എസ്.എ-എ.എൽ.പി-പി.12/234 /20/10.06.2020 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ വെളിയനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ വെളിയനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്